# ശിക്ഷാനിയമവും ശിക്ഷാനടപടിക്രമവും പൗരസ്ത്യ കാനൻ നിയമസംഹിതയിൽ : ഒരു അപഗ്രഥനം

ഡോ. ജെയിംസ് മാത്യു പാമ്പാറ സി.എം.ഐ.

**ആമുഖം**

'സത്യാനന്തരകാലം' (*The Post-Truth Era: Dishonesty and Deception in Contemporary Life* - Ralph Keyes, 2004) എന്ന് നാം ഇന്ന് ജീവിക്കുന്ന കാലഘട്ടത്തെപ്പറ്റി പാശ്ചാത്യർ വിശേഷിപ്പിച്ച് തുടങ്ങിയിട്ട് ഒരു പതിറ്റാണ്ടിലേറെയായിയെങ്കിലും സീറോ-മലബാർ സഭയിലെ എറണാകുളം-അങ്കമാലി അതിരൂപതയിലെ ആനുകാലിക സംഭവങ്ങളെ നിഷ്പക്ഷമായും കൂലംകക്ഷമായും അപഗ്രഥിക്കുമ്പോൾ, അവിടെ അസത്യം കൊണ്ടൊരു ആറാട്ട് തന്നെയാണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് കരുതുന്ന, എറണാകുളം വിമതരുടെ നിലപാടുകളിലും പ്രസ്താവനകളിലും വിശദീകരണങ്ങളിലും "അവനെ ക്രൂശിക്കുക, അവനെ ക്രൂശിക്കുക" എന്ന് വിളിച്ചുകൂവിക്കൊണ്ട് "വഴിയും സത്യവും ജീവനുമായ" ഈശോമിശിഹായെ കുരിശിലേറ്റുവാൻ മുൻകൈയെടുത്ത "ജന" (മത്താ 27:15-23) ത്തിന്റെ പിൻതലമുറയെ കാണുകയും ചെയ്യുന്ന, സഭയെ സ്നേഹിക്കുന്ന, സഭയിൽ നന്മ മാത്രം കാംക്ഷിക്കുന്ന, അൻപത് ലക്ഷത്തിലധികം വരുന്ന സീറോ-മലബാർ തനയർ നിസ്സഹായതയോടെ സഭാനേതൃത്വത്തെ ഉറ്റുനോക്കിക്കൊണ്ട് ചോദിക്കുന്ന ഒരു ചോദ്യമുണ്ട്: "ഈ വിമതക്കോമരങ്ങളുടെ അഴിഞ്ഞാട്ടത്തിന് ഒരറുതി വരുത്തുവാൻ കത്തോലിക്കാസഭയുടെ നീതിന്യായ വ്യവസ്ഥയിലും കാനൻ നിയമത്തിലും വകുപ്പുകളൊന്നുമില്ലേ? ഈ ചോദ്യത്തിനുള്ള ഉത്തരം വളരെ വ്യക്തമാണ്. അതായത്, ലത്തീൻസഭയുടെ കാനൻ നിയമത്തിലും (CIC) പൗരസ്ത്യ സഭകൾക്കുള്ള കാനൻ നിയമത്തിലും (CCEO) ശിക്ഷാനിയമവും (penal law) ശിക്ഷാനടപടിക്രമങ്ങളും (penal procedure) വളരെ വ്യക്തമായി പരിശുദ്ധ മാർപ്പാപ്പ തന്നെ എഴുതിവച്ചിട്ടുണ്ട്. അത് എഴുതിച്ചേർത്തിരിക്കുന്നത് ഒരലങ്കാരത്തിനോ കാനൻ നിയമപണ്ഡിതർക്ക് പേപ്പറുകൾ അവതരിപ്പിക്കുന്നതിനും ലേഖനങ്ങൾ എഴുതുന്നതിനുമോ മാത്രമായല്ല, പ്രത്യുത, ജറുസലേം ദേവാലയത്തിൽ ചാട്ടവാറുമായി കയറിയ (യോഹ 2:13-17) യേശുക്രിസ്തുവിന്റെ അതേ മനോഭാവം (ഫിലി 2:5) സഭയെ നയിക്കുവാനായി വിളിക്കപ്പെടുകയും മേല്പട്ട ശുശ്രൂഷ ഭരമേല്പിക്കപ്പെടുകയും ചെയ്യപ്പെട്ടിട്ടുള്ള മെത്രാന്മാർ സ്വായത്തമാക്കുവാനും, ആവശ്യമായി വരുമ്പോൾ, മറ്റ് മാർഗ്ഗങ്ങളെല്ലാം പരാജയപ്പെടുമ്പോൾ, ഉപയോഗിക്കുവാനും വേണ്ടിയാണ്. കത്തോലിക്കാസഭയിലെ കാനൻ നിയമസംഹിതകളുടെ ഉള്ളടക്കം പൊതുവെ പറഞ്ഞാൽ വിശ്വാസസമൂഹത്തിന് തുലോം അജ്ഞാതമാണ് എന്നുതന്നെ പറയാം. അതിൽത്തന്നെ, പൗരസ്ത്യ കാനൻനിയമത്തിലെ ശിക്ഷാനിയമവും ശിക്ഷാനടപടിക്രമങ്ങളും അത്മായർക്കും സന്യസ്തർക്കും വൈദികർക്കും മാത്രമല്ല, പ്രത്യുത, കാനൻ നിയമത്തിൽ ബിരുദമുള്ളവർക്കുപോലും സുഗ്രാഹ്യമല്ല എന്നതാണ് വസ്തുത. 1995-ൽ റോമിലെ ഓറിയെന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പൗരസ്ത്യ കാനൻ നിയമത്തിൽ ഉപരിപഠനത്തിനായി എത്തിയ ഈ ലേഖകൻ, ഈ വസ്തുത മനസ്സിലാക്കി പ്രസ്തുത വിഷയത്തിൽ പ്രത്യേക പഠനം നടത്തുകയും തുടർന്ന്, licentiate-ന് ശേഷവും അതേ വിഷയത്തിൽത്തന്നെ ഡോക്ടറേറ്റ് എടുക്കുകയും കഴിഞ്ഞ ഇരുപത്തഞ്ച് വർഷക്കാലം ശിക്ഷാനിയമ സംബന്ധിയായ നിരവധി കേസുകളിൽ അന്വേഷണങ്ങളിലും സഭാക്കോടതികളിൽ ന്യായാധിപസ്ഥാനമടക്കം നിരവധിയായ റോളുകൾ, വത്തിക്കാനിലെ വിശ്വാസകാര്യാലയത്തിന്റെ നേരിട്ടുള്ള നിയമനമുൾപ്പെടെയുള്ള പശ്ചാത്തലങ്ങളിൽ, നിർവഹിക്കുകയും ഇപ്പോഴും തുടർന്നുകൊണ്ട് പോവുകയും ചെയ്യുന്നതിൽനിന്നുള്ള അനുഭവജ്ഞാനം കുറെയെങ്കിലും *കർമ്മല കുസുമ*ത്തിന്റെ അനുവാചകർക്ക് പങ്കുവച്ചുകൊടുക്കണമെന്നുള്ള അദമ്യമായ ആഗ്രഹമാണ് ഈ ലേഖനത്തിന് പിന്നിൽ. *കർമ്മല കുസുമ*ത്തിന്റെ മുൻലക്കങ്ങളിൽ പൗരസ്ത്യ കാനൻ നിയമസംബന്ധിയായി എഴുതിയ ലേഖനങ്ങളുടെ തുടർച്ചയാണ് ഈ ലേഖനവും. അതിനാൽത്തന്നെ, ഈ ലേഖനം പൂർണ്ണമായി മനസ്സിലാകുന്നതിന്, ഈ ലേഖകന്റെ *കർമ്മല കുസുമ*ത്തിലെ മുൻ ലേഖനങ്ങൾ വായിക്കുന്നത് കൂടുതൽ സഹായകരമാകും.

**1. ശിക്ഷാനിയമം പൗരസ്ത്യ കാനൻ നിയമസംഹിതയിൽ**

'പരിശുദ്ധ കാനോനകൾ' (Sacri Canones) എന്ന അപ്പസ്തോലിക പ്രമാണരേഖവഴി ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ 1990 ഒക്ടോബർ 18-ന് പ്രസിദ്ധപ്പെടുത്തിയ 'പൗരസ്ത്യസഭകളുടെ കാനോനസംഹിത' (Code of Canons of the Eastern Churches) യിലെ മുപ്പത് ശീർഷകങ്ങളിലെ ഇരുപത്തിയേഴാം ശീർഷകം "സഭയിലെ ശിക്ഷാനടപടികൾ" (Penal Sanctions in the Church) എന്നതാണ്. നിയമത്തെയോ

പ്രവാചകന്മാരെയോ ഇല്ലാതാക്കാനല്ല, പ്രത്യുത, പൂർത്തിയാക്കാനാണ് ഈശോ ഈ ലോകത്തിലേക്ക് വന്നത് (മത്ത 5:17). ഏറ്റവും പരമമായ നിയമം അവിടുന്ന് തന്ന സ്നേഹത്തിന്റെ നിയമം തന്നെ: "ഒരു പുതിയ കല്പന നിങ്ങൾക്ക് ഞാൻ തരുന്നു, നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (യോഹ 13:34). എന്നാൽ ഈ സ്നേഹത്തിന്റെ കല്പന മനസ്സിലാകാത്തവരോട് എന്ത് ചെയ്യണമെന്നും അവിടുന്ന് വ്യക്തമാക്കുന്നുണ്ട്: "നിന്റെ സഹോദരൻ തെറ്റ് ചെയ്യുന്നെങ്കിൽ, നീയും അവനും മാത്രമായിരിക്കുമ്പോൾ പോയി ആ തെറ്റ് അവന് മനസ്സിലാക്കിക്കൊടുക്കുക. അവൻ നിന്നെ ശ്രവിക്കുന്നെങ്കിൽ, നീ നിന്റെ സഹോദരനെ നേടിക്കഴിഞ്ഞു. അവൻ നിന്നെ ശ്രവിക്കുന്നില്ലെങ്കിൽ, നീ പറയുന്ന ഓരോ വാക്കിനും രണ്ടോ മൂന്നോ സാക്ഷികളുടെ സ്ഥിരീകരണം ഉണ്ടാകേണ്ടതിന് ഒന്നോ രണ്ടോ പേരെ കൂട്ടിക്കൊണ്ട് പോവുക. അവൻ അവരെയും കേൾക്കാൻ വിസമ്മതിക്കുന്നുവെങ്കിൽ, നീ സഭയോട് പറയുക; സഭയെയും കേൾക്കാൻ വിസമ്മതിക്കുന്നുവെങ്കിൽ, അവൻ നിനക്ക് ചുങ്കക്കാരനെയും വിജാതീയനെയുംപോലെ ആയിരിക്കട്ടെ" (മത്താ 18:15 -17). ഈശോയുടെ ഈ വചനങ്ങളിൽനിന്നും തെറ്റ് ചെയ്യുകയും എന്നാൽ തെറ്റ് ചൂണ്ടിക്കാണിച്ചിട്ടും തിരുത്താൻ തയ്യാറാകുകയും ചെയ്യാത്തവർക്ക് ശിക്ഷ നൽകേണ്ടതാണെന്നും വ്യക്തമാകുന്നുണ്ട്.

നിയമം പൊതുനന്മയെ ലക്ഷ്യമാക്കി ഉണ്ടാക്കിയിട്ടുള്ളതാണ്. സഭയിൽ നീതി ഉറപ്പാക്കാനും ശരിയായ അച്ചടക്കം ഉറപ്പുവരുത്താനുമുള്ളതാണത്. നിയമം അനുസരിക്കുവാനുള്ളതാണ്; ലംഘിക്കുവാനുള്ളതല്ല. എല്ലാ നിയമലംഘനങ്ങളും തെറ്റ് തന്നെയാണ് – ആ നിയമം അതിൽത്തന്നെ അസാന്മാർഗ്ഗികമല്ലെങ്കിൽ. എന്നാൽ എല്ലാ തെറ്റുകളും കുറ്റങ്ങളല്ല. ചില നിയമലംഘനങ്ങൾ കൂടുതൽ ഗൗരവമേറിയതാകയാൽ, ആ നിയമലംഘനങ്ങളെ കുറ്റങ്ങളുടെ പട്ടികയിൽപ്പെടുത്തുകയും അങ്ങനെയുള്ള കുറ്റങ്ങൾക്കുള്ള ശിക്ഷകൾ എന്താണെന്ന് വിശദീകരിക്കുകയും ചെയ്യുന്ന ഭാഗമാണ് 'പീനൽ കോഡ്' (penal code) എന്ന പേരിലറിയപ്പെടുന്നത്. അങ്ങനെ, പൗരസ്ത്യ കാനൻ നിയമത്തിലെ 'പീനൽ കോഡ്' ആണ് 1400 മുതൽ 1467 വരെയുള്ള കാനോനകളിൽ ഇരുപത്തിയേഴാം ശീർഷകത്തിൻ കീഴിൽ കാണപ്പെടുന്നത്. ഇതിന് തത്തുല്യമായി ലത്തീൻസഭയുടെ ശിക്ഷാനിയമം 1311 മുതൽ 1399 വരെയുള്ള കാനോനകളിലായും കാണപ്പെടുന്നു. ഇവ രണ്ടും "ഇന്ത്യൻ പീനൽ കോഡ്" (Indian Penal Code) എന്ന പേരിലറിയപ്പെടുന്ന ശിക്ഷാനിയമസംഹിതയ്ക്ക് തത്തുല്യമാണെന്ന് കാണാവുന്നതാണ്.

പൗരസ്ത്യ കാനൻ നിയമത്തിലെ ഇരുപത്തിയേഴാം ശീർഷകം രണ്ട് അദ്ധ്യായങ്ങളായി തിരിച്ചിരിക്കുന്നു. അതിൽ ഒന്നാം അദ്ധ്യായത്തിൽ (cc. 1400-1435) കുറ്റങ്ങളെയും ശിക്ഷകളെയും കുറിച്ച് പൊതുവായും രണ്ടാമദ്ധ്യായത്തിൽ (cc. 1436-1467) വിവിധ കുറ്റങ്ങൾക്ക് സഭാനിയമമനുസരിച്ച് നല്കാവുന്ന, അഥവാ നല്കേണ്ട ശിക്ഷകളെപ്പറ്റിയുമാണ് പ്രതിപാദിച്ചിരിക്കുന്നത്. പൗരസ്ത്യ കാനൻനിയമത്തിലെ ശിക്ഷാനിയമങ്ങളുടെ ഏറ്റവും പ്രധാനമായ ഒരു പൊതുസ്വഭാവമെന്ന് പറയുന്നത് കുറ്റങ്ങളെ രോഗമായും ശിക്ഷകളെ രോഗം മാറ്റുവാനുള്ള മരുന്നുമായിട്ട് ചിത്രീകരിച്ചിരിക്കുന്നു എന്നതാണ്. രോഗം മാറുവാൻ പലപ്പോഴും ചികിത്സ ആവശ്യമായി വരും. അതിനാൽ ശിക്ഷയാകുന്ന മരുന്ന് നല്കുവാൻ അധികാരികൾ അമാന്തിക്കരുത്; ശിക്ഷ ആത്യന്തികമായി ശിക്ഷിക്കപ്പെടുന്ന വ്യക്തിയുടെ രക്ഷയ്ക്കു വേണ്ടിയുള്ളതാണ് എന്നീ ആശയങ്ങൾ ഈ ചിന്താധാരയുടെ പിന്നിലുണ്ട്.

1401--ാം കാനോന ഇങ്ങനെ നിഷ്കർഷിക്കുന്നു: "വഴിതെറ്റിപ്പോയ ആടുകളെ തിരികെ കൊണ്ടുവരാൻ ദൈവം എല്ലാവിധ മാർഗ്ഗങ്ങളും ഉപയോഗിക്കുന്നു; അതിനാൽ അഴിക്കുവാനും കെട്ടുവാനും അവിടുന്നിൽനിന്ന് അധികാരം ലഭിച്ചിട്ടുള്ളവർ കുറ്റം ചെയ്തിട്ടുള്ളവരുടെ രോഗം, ക്ഷമയിലും പ്രബോധനത്തിലും ഒരിക്കലും വീഴ്ച വരുത്താതെതന്നെ, തിരുത്തലും ശാസനയും അപേക്ഷയുംവഴി വേണ്ടരീതിയിൽ ചികിത്സിക്കേണ്ടതാണ്. കുറ്റംവഴിയായി ഉണ്ടായ മുറിവുകൾ സുഖപ്പെടുത്താനും, അങ്ങനെ കുറ്റം ചെയ്തവർ നിരാശയുടെ ഗർത്തത്തിൽ വീഴുന്നതും, ജീവിതത്തിൽ മാറ്റം വരുത്താതെ തെറ്റിൽ ഉറച്ചുനില്ക്കുന്നതും നിയമത്തോട് അവജ്ഞ കാണിക്കുന്നതും ഒഴിവാക്കുവാനുമായി അവർ ശിക്ഷകൾ പോലും ചുമത്തേണ്ടതാണ്." ഈ ആമുഖ കാനോന വ്യക്തമാക്കുന്ന കാര്യം, കുറ്റം ചെയ്തവർക്കുനേരെ സഭാധികാരികൾക്കുള്ള മനോഭാവം എന്തായിരിക്കണം എന്നുള്ളതാണ്. ഈ മനോഭാവത്തിൽ സ്നേഹം, കരുണ, സഹിഷ്ണുത എന്നീ ഗുണഗണങ്ങൾ മാത്രമല്ല ഉണ്ടായിരിക്കേണ്ടത്; പ്രത്യുത സഭയുടെ നന്മയ്ക്കും ആത്മാക്കളുടെ രക്ഷയ്ക്കും ആവശ്യമായി വരുമ്പോൾ തിരുത്തലും ശാസനയും ശിക്ഷയുമെല്ലാം ആവശ്യമായ അളവിൽ ഉണ്ടാകേണ്ടതാണ്. മറ്റൊരു വാക്കിൽ പറഞ്ഞാൽ, കാനൻനിയമത്തിന്റെ ആത്യന്തിക ലക്ഷ്യമായ ആത്മാക്കളുടെ രക്ഷ (salus animarum: cf. CIC c.1752) സാധിതമാക്കുന്നതിന് ശിക്ഷാനടപടികൾ ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ ശിക്ഷയുടെ വാൾ (cf. റോമ 13:4) എടുക്കുക എന്നുള്ളത് അതിനായി നിയോഗിക്കപ്പെട്ടിരിക്കുന്ന അധികാരികളുടെ അവകാശവും കടമയുമാണ്. "നിന്റെ സഹോദരൻ തെറ്റ് ചെയ്താൽ അയാളെ ശാസിക്കുക" (ലൂക്കാ 17:3) എന്ന കർത്താവിന്റെ വ്യക്തമായ നിർദ്ദേശം കർത്താവിന്റെ സ്നേഹത്തിന്റെയും കരുണയുടെയും പേര് പറഞ്ഞുകൊണ്ട് ചവ

റ്റുകൊട്ടയിൽ തള്ളുവാനുള്ളതല്ല. ഈ ശാസനയുടെ ലക്ഷ്യം, കുറ്റം ചെയ്ത വ്യക്തിയുടെ മാനസാന്തര മാണെന്ന് അടുത്ത വചനത്തിലൂടെ കർത്താവ് വ്യക്തമാക്കുന്നുമുണ്ട്: "അനുതപിക്കുന്നുവെങ്കിൽ അയാ ളോട് ക്ഷമിക്കുക" (ലൂക്ക 17:3). എന്നാൽ അനുതപിക്കാതെ സ്വന്തം തെറ്റിൽ ഉറച്ചു നിൽക്കുന്നവരോട് കർത്താവ് തന്റെ കരുണാർദ്രസ്നേഹമോ, ക്ഷമിക്കുന്ന സ്നേഹമോ കാണിക്കുവാനല്ല ആവശ്യപ്പെടു ന്നത്, പ്രത്യുത, അവനെ "ചുങ്കക്കാരനെയും വിജാതീയനെയുംപോലെ" കാണുവാനാണ് (മത്താ 18:17); അതായത്, അയാളെ സഭാസമൂഹത്തിൽനിന്ന് പുറന്തള്ളുവാനാണ്. ഇതുതന്നെയാണ് വലിയ മഹറോൻ ശിക്ഷവഴി ഒരാളെ ശിക്ഷിക്കുമ്പോൾ സഭാധികാരികൾ ചെയ്യുന്നതും.

ഈശോമിശിഹാ ഈ ഭൂമിയിൽ അവതീർണ്ണനായത് മനുഷ്യവംശത്തിന്റെ രക്ഷയ്ക്കായാണ്; പാപി കളെത്തേടിയാണ്; പശ്ചാത്തപിക്കുന്ന പാപികളെ ധൂർത്തപുത്രന്റെ പിതാവിനെപ്പോലെ തന്നോട് ചേർത്തു പിടിച്ച് രക്ഷിക്കുവാനാണ്; തന്റെ കാരുണ്യക്കടലുകൊണ്ട് കഴുകി ശുദ്ധീകരിക്കുവാനാണ്. എന്നാൽ, കുറ്റം ആവർത്തിക്കുകയും കുറ്റകരമായ ജീവിതത്തിൽ യാതൊരു മനസ്താപവുമില്ലാതെ ഉറച്ചുനില്ക്കു കയും ചെയ്യുന്നവരോട് ഈ കരുണാർദ്രസ്നേഹം കാണിക്കണമെന്നല്ല വചനം നിർദ്ദേശിക്കുന്നത്; പ്രത്യു ത, അവരിൽനിന്ന് അകന്നുനിൽക്കണമെന്നു തന്നെയാണ്. വി. പൗലോസ് ശ്ലീഹാ തിമോത്തിയെ ഇങ്ങനെ ഉപദേശിക്കുന്നു: "എന്നാൽ ഇത് മനസ്സിലാക്കിക്കൊള്ളുക. അവസാനനാളിൽ ക്ലേശപൂർണ്ണങ്ങളായ സമ യങ്ങൾ വരും. എന്തെന്നാൽ അപ്പോൾ മനുഷ്യർ സ്വാർത്ഥതല്പരരും ദ്രവ്യാഗ്രഹികളും അഹങ്കാരികളും ഗർവിഷ്ഠരും ദൈവദൂഷകരും മാതാപിതാക്കളെ അനുസരിക്കാത്തവരും കൃതഘ്നരും വിശുദ്ധിയില്ലാ ത്തവരുമായിരിക്കും. അവർ മനുഷ്യത്വമില്ലാത്തവരും വിധേയത്വമില്ലാത്തവരും അപവാദത്തിലേർപ്പെടു ന്നവരും ആത്മസംയമനമില്ലാത്തവരും ക്രൂരരും നന്മയെ വെറുക്കുന്നവരുമായിരിക്കും. അവർ വഞ്ചകരും എടുത്തുചാട്ടക്കാരും അഹന്തയുള്ളവരും ദൈവത്തെ സ്നേഹിക്കുന്നതിനുപകരം സുഖഭോഗങ്ങളിൽ ആസക്തിയുള്ളവരും ആയിരിക്കും. അവർ മതത്തിന്റെ ബാഹ്യരൂപത്തെ നിലനിർത്തിക്കൊണ്ട് അതിന്റെ ചൈതന്യത്തെ നിഷേധിക്കും. താങ്കൾ അവരെ വിട്ടകലുക" (2 തിമോ 3:1-5).

വിശുദ്ധ പൗലോസ് തീത്തോസിന് കൊടുക്കുന്ന നിർദ്ദേശവും സമാനമാണ്: "ഭിന്നിച്ച് നിൽക്കുന്ന വനെ ഒന്നോ രണ്ടോ പ്രാവശ്യം ഗുണദോഷിച്ചശേഷം അനുസരിക്കാത്തപക്ഷം അവനിൽനിന്ന് അക ന്നുനിൽക്കുക. അങ്ങനെയുള്ളവൻ ദുർമാർഗ്ഗിയും പാപിയും ആകുന്നു; അവൻ കുറ്റവാളിയെന്ന് സ്വയം വിധിച്ചിരിക്കുന്നുവെന്നും താങ്കൾ അറിയുന്നുണ്ടല്ലോ" (തീത്തോ 3:10-11). അനുസരണക്കേടിന് ശിക്ഷ ആവശ്യമാണെന്ന് പൗലോസ്ശ്ലീഹാ തെസലോണിക്കക്കാർക്കുള്ള ലേഖനത്തിലും വ്യക്തമാക്കുന്നുണ്ട്: "ഈ ലേഖനത്തിൽ ഞങ്ങൾ പറയുന്ന നിർദ്ദേശങ്ങൾ ആരെങ്കിലും അനുസരിക്കാതിരിക്കുന്നെങ്കിൽ അവനെ സൂക്ഷിക്കുക; അവൻ ലജ്ജിക്കേണ്ടതിന് അവനോടുള്ള സംസർഗ്ഗം ഉപേക്ഷിക്കുക. അവനെ ശത്രുവായി കണക്കാക്കരുത്. പ്രത്യുത, ഒരു സഹോദരനെയെന്നപോലെ ഉപദേശിക്കുവിൻ" (2 തെസ 3:14-15). കൊറീന്തിലെ സഭയ്ക്കുള്ള ഒന്നാം ലേഖനത്തിലും കുറ്റം ചെയ്ത് കുറ്റത്തിൽ തുടരുന്നവനെ വിശ്വാസികളുടെ സമൂഹത്തിൽനിന്ന് പുറത്താക്കണമെന്ന് വി. പൗലോസ് കല്പിക്കുന്നുണ്ട്: "ഇങ്ങനെ ചെയ്തവനെ നിങ്ങളുടെ സമൂഹത്തിൽനിന്നും ഉടനെ മാറ്റിക്കളയുവിൻ" (1 കോറി 5:2). അദ്ദേഹം തുടർന്ന് ഇങ്ങനെ എഴുതുന്നു: "... ഈ ഹീനകൃത്യം ചെയ്തവനെപ്പറ്റി കർത്താവായ ഈശോയുടെ നാമത്തിൽ ഞാൻ വിധിവാചകം ഉച്ചരിച്ച് കഴിഞ്ഞിരിക്കുന്നു. എന്റെ ആത്മീയ സാന്നിദ്ധ്യത്തിൽ നിങ്ങൾ സമ്മേളിച്ച് നമ്മുടെ കർത്താവായ ഈശോയുടെ അധികാരം പ്രയോഗിച്ച് ആ മനുഷ്യനെ സാത്താന് ഏല്പിച്ചു കൊടുക്കുക. അങ്ങനെ അവന്റെ ശരീരം നശിക്കുകയും, എന്നാൽ കർത്താവായ ഈശോയുടെ ദിവസം അവന്റെ ആത്മാവ് രക്ഷപെടുകയും ചെയ്യട്ടെ" (1 കോറി 5:5). പൗലോസിന്റെ ഈ നിർദ്ദേശത്തിൽനിന്നും ഒരു കാര്യം വ്യക്തമാണ്. ശിക്ഷിക്കുന്നത്, ആത്യന്തികമായി രക്ഷിക്കുന്നതിനുവേണ്ടിത്തന്നെയാണ്. കുറ്റ ത്തിൽ തുടരുന്നവരെ മാനസാന്തരത്തിലേക്ക് നയിക്കുവാൻ വേണ്ടിത്തന്നെയാണ് ശിക്ഷിക്കുന്നത്. അതവരുടെ രക്ഷയ്ക്കും വിശ്വാസികളുടെ സമൂഹത്തിന്റെ വളർച്ചയ്ക്കും നിലനില്പിനും ആവശ്യമാ ണ്. അതിനാൽ, മാനസാന്തരപ്പെടാത്ത ക്രിമിനലുകളെ കർത്താവിന്റെ കാരുണ്യത്തിന്റെ പേരുപറഞ്ഞ് ചേർത്തുനിർത്തുകയല്ല വേണ്ടത്, പ്രത്യുത, ന്യായമായ ശിക്ഷ നല്കുകയാണ്.

### *1.1 പൗരസ്ത്യ കാനൻ നിയമത്തിലെ ശിക്ഷകൾ (Penalties)*

ശുശ്രൂഷാപൗരോഹിത്യത്തിലുള്ളവർക്ക് കിട്ടാവുന്ന പ്രധാന ശിക്ഷകൾ വൈദികശുശ്രൂഷ സ്ഥാന ത്തുനിന്ന് നീക്കം ചെയ്യൽ (deposition or dismissal from clerical state), താഴ്ന്ന പദവിയിലേക്ക് തരം താഴ്ത്തൽ (demotion), സസ്പെൻഷൻ (suspension) എന്നിവയാണെങ്കിലും വലിയ മഹറോൻ ശിക്ഷ (major excommunication) യും എല്ലാ വിശ്വാസികൾക്കും നല്കാവുന്ന ഏറ്റവും വലിയ ശിക്ഷയായി കാനൻ നിയമത്തിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. ശുശ്രൂഷാ പൗരോഹിത്യത്തിന്റെ ഒരു പദവിയിലും എത്താത്ത ദൈവജനത്തെ സംബന്ധിച്ചിടത്തോളം വലിയ മഹറോൻ ശിക്ഷയ്ക്ക് പുറമെ ചെറിയ മഹറോൻ ശിക്ഷ (minor excommunication) എന്ന് വിളിക്കുന്ന വിശുദ്ധ കുർബാന സ്വീകരിക്കുന്നതിൽനിന്നുള്ള വിലക്ക്,

അഥവാ വിശുദ്ധ കുർബാനയിൽ പങ്കെടുക്കുന്നതിൽനിന്നുള്ള വിലക്ക് ഉൾപ്പെടെ കൊണ്ട് ശിക്ഷിക്കുവാൻ സാധിക്കും. ചെറിയ മഹറോൻ ശിക്ഷയെപ്പറ്റി 1431--ാം കാനോനയുടെ ഒന്നാം ഖണ്ഡിക ഇങ്ങനെ നിർദ്ദേശിക്കുന്നു: "ചെറിയ മഹറോൻ ശിക്ഷയിൽപ്പെട്ടിട്ടുള്ളവർ വി. കുർബാന സ്വീകരിക്കുന്നതിൽനിന്നും മാറ്റി നിറുത്തപ്പെട്ടിരിക്കുന്നു. കൂടാതെ, വി. കുർബാനയിൽ സംബന്ധിക്കുന്നതിൽ നിന്നും, പരസ്യമായി ദൈവാരാധന നടക്കുന്ന സമയത്ത് പള്ളിയിൽ പ്രവേശിക്കുന്നതിൽ നിന്നുപോലും, അവരെ ഒഴിവാക്കുവാൻ സാധിക്കും." വലിയ മഹറോൻ ശിക്ഷയെപ്പറ്റി 1434--ാം കാനോനയുടെ ഒന്നും രണ്ടും ഖണ്ഡികകളിൽ ഇങ്ങനെ നിഷ്കർഷിക്കുന്നു: "വലിയ മഹറോൻ ശിക്ഷ ഒരുവനെ കാനോന 1431 §1-ൽ സൂചിപ്പിക്കുന്ന എല്ലാക്കാര്യങ്ങൾക്കും പുറമേ, മറ്റ് കൂദാശകൾ സ്വീകരിക്കുന്നതിൽനിന്നും, കൂദാശകളും കൂദാശാനുകരണങ്ങളും പരികർമ്മം ചെയ്യുന്നതിൽ നിന്നും ഏതെങ്കിലും ഉദ്യോഗങ്ങളോ ശുശ്രൂഷകളോ ചുമതലകളോ നിർവഹിക്കുന്നതിൽനിന്നും ഭരണനടപടികൾ നടത്തുന്നതിൽ നിന്നും വിലക്കുന്നു. എന്നിരുന്നാലും, ഭരണനടപടികൾ നടത്തുകയാണെങ്കിൽ അവ നിയമത്താൽത്തന്നെ അസാധുവാണ്. വലിയ മഹറോൻ ശിക്ഷയിൽപ്പെട്ടിരിക്കുന്ന ഒരു വ്യക്തി വി. കുർബാനയിലും ദൈവാരാധനയുടെ മറ്റ് പരസ്യാഘോഷങ്ങളിലും പങ്കെടുക്കുന്നതിൽനിന്നും അകറ്റിനിർത്തപ്പെടേണ്ടതാണ്.

ഇവിടെ ശ്രദ്ധേയമായ ഒരു കാര്യം, വലിയ മഹറോൻ ശിക്ഷയിലായിരിക്കുന്ന ഒരു വിശ്വാസി, വിശ്വാസസമൂഹത്തിൽനിന്നും നിയമംമൂലം ബഹിഷ്കൃതനാകയാൽ, ആ വ്യക്തി വിശുദ്ധ കുർബാനയിലോ മറ്റ് പരസ്യ ദൈവാരാധനയിലോ പങ്കെടുക്കുന്നത് നിയമവിരുദ്ധവും നിയമലംഘനവുമാകയാൽ, അതിൽനിന്ന് അയാളെ അകറ്റി നിർത്തണമെന്ന നിയമമാണ്. ആരാണ് ഇത് ചെയ്യേണ്ടതെന്നാണ് പ്രസക്തമായ ഒരു ചോദ്യം. സാമാന്യഗതിയിൽ വൈദികൻ ബലിയർപ്പിച്ചുകൊണ്ടിരിക്കുന്ന സമയത്താണ്, ഇങ്ങനെ വലിയ മഹറോൻ ശിക്ഷയിൽപെട്ട ഒരാൾ ദേവാലയത്തിൽ പ്രവേശിക്കുന്നതെങ്കിൽ തീർച്ചയായും കാർമ്മികനായ വൈദികന് വിശുദ്ധ കുർബാനയർപ്പണം നിർത്തിവച്ചശേഷം ആളെ പുറത്താക്കുവാനുള്ള നടപടികളിലേക്ക് കടക്കുവാനാവില്ല. അപ്പോൾ പിന്നെ, ഈ ഉത്തരവാദിത്വം സ്വാഭാവികമായും സന്യസ്തരും ആത്മായരുമായ ദേവാലയത്തിലുള്ള മറ്റ് വിശ്വാസികളിലാണ് വന്നുചേരുന്നത്. മറ്റൊരു വാക്കിൽ പറഞ്ഞാൽ, നിയമവിരുദ്ധമായി, വിശുദ്ധ കുർബാനയിൽ പങ്കെടുക്കുവാൻ ദേവാലയത്തിലെത്തുന്ന ഒരു മഹറോൻ ശിക്ഷയ്ക്ക് വിധേയനായ വ്യക്തിയെ പള്ളിയിൽനിന്ന് ബലം പ്രയോഗിച്ചുപോലും ഇറക്കിവിടുവാനുള്ള അവകാശവും കടമയും ആ ദേവാലയത്തിൽ അപ്പോൾ സന്നിഹിതരായിട്ടുള്ള വിശ്വാസസമൂഹത്തിനുണ്ട്. ബലപ്രയോഗം ആവശ്യാനുസരണമുള്ളത് മാത്രമാകണമെന്നും മറ്റൊരു വ്യക്തിയേയും അകാരണമായി ഉപദ്രവിക്കുവാനോ മുറിവേല്പിക്കുവാനോ ആർക്കും അവകാശമില്ല എന്നതും ഇത്തരുണത്തിൽ ഓർക്കേണ്ടതാണ്. ന്യായമായ ബലപ്രയോഗം (proportionate force) എത്രമാത്രമെന്ന് മുൻകൂട്ടി പറയാനാവില്ല എന്നതും സ്വയരക്ഷയ്ക്കുള്ള അവകാശം (right to self defense) ഒരു മനുഷ്യാവകാശമാണെന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണ്. വലിയ മഹറോൻ ശിക്ഷയിൽപ്പെട്ട വ്യക്തിയുടെ കാര്യത്തിലാണ് ഇവിടെ കാനൻ നിയമം വിശ്വാസികളുടെ നിയമലംഘനത്തിനെതിരെയുള്ള പ്രതികരണത്തിനുള്ള ഉത്തരവാദിത്വത്തെപ്പറ്റി ഇവിടെ സൂചിപ്പിക്കുന്നതെങ്കിലും, മറ്റ് പല അവസരങ്ങളിലും നിയമലംഘനങ്ങൾക്കെതിരെ പ്രതികരിക്കുവാൻ വിശ്വാസസമൂഹത്തിന് അവകാശവും കടമയുമുണ്ട് എന്നതും വിസ്മരിക്കാവുന്നതല്ല.

ഉദാഹരണമായി, വിശുദ്ധ കുർബാന "കൈക്കൊണ്ട" ഒരു വ്യക്തി അത് "ഉൾക്കൊള്ളാതെ" ആ ദിവ്യകാരുണ്യവുമായി പോകുന്നത് കണ്ടാൽ, കാണുന്ന വിശ്വാസി അയാളെ തടയേണ്ടതും, ആ വിശുദ്ധ കുർബാന അവിടെവച്ചുതന്നെ, ആ നിമിഷംതന്നെ, ഉൾക്കൊള്ളുവാൻ അയാളെ നിർബന്ധിക്കേണ്ടതും അയാൾ വിസമ്മതിക്കുന്നപക്ഷം അയാളെ പള്ളിയിൽത്തന്നെ തടഞ്ഞുനിർത്തി, മറ്റ് വിശ്വാസികളുടെ സഹായവും, ആവശ്യമെങ്കിൽ പോലീസിന്റെ സഹായവും തേടി, ആ നിയമവിരുദ്ധ നടപടിയിൽനിന്നും ആളെ പിൻതിരിപ്പിക്കേണ്ടതുമാണ്. മറ്റൊരു വാക്കിൽ പറഞ്ഞാൽ, നിയമവിരുദ്ധ നടപടികൾ ചെയ്യുവാനോ അതിൽ തുടരുവാനോ ആർക്കും അവകാശമില്ല. എന്നാൽ നിയമവിരുദ്ധ പ്രവർത്തനങ്ങൾ കണ്ടാൽ, അത് തടയുവാനുള്ള അവകാശവും കടമയും എല്ലാ വിശ്വാസികൾക്കും പല സാഹചര്യങ്ങളിലുമുണ്ട് എന്നുള്ളതാണ്.

പുരോഹിതർക്ക് കിട്ടാവുന്ന ശിക്ഷയിൽ ഏറ്റവും കൂടുതലായി ഉപയോഗിച്ച് കാണുന്നത് 'സസ്പെൻഷൻ' എന്ന ശിക്ഷയാണ്. 1432-ാം കാനോനയുടെ ഒന്നാം ഖണ്ഡികയിൽ ഈ ശിക്ഷയെപ്പറ്റി ഇങ്ങനെ പ്രതിപാദിച്ചിരിക്കുന്നു: "തിരുപ്പട്ടത്തിന്റെയോ ഭരണത്തിന്റെയോ അധികാരങ്ങൾ എല്ലാത്തിനോടുമോ ചിലതിനോടുമോ, ഒരു ഉദ്യോഗമോ, ശുശ്രൂഷയോ ചുമതലയോ ആയി ബന്ധപ്പെട്ട പ്രവൃത്തികളോ അവകാശങ്ങളോ എല്ലാത്തിനോടോ ചിലതിനോടോ ആയി ബന്ധപ്പെട്ടതാകാം സസ്പെൻഷൻ. നിയമത്തിൽ നേരത്തെതന്നെ നിശ്ചയിച്ചിട്ടില്ലാത്തപക്ഷം സസ്പെൻഷന്റെ വ്യാപ്തി വിധിയിലോ കല്പനയിലോ തന്നെ നിശ്ചയിക്കേണ്ടതാണ്." ഇവിടെ പ്രതിപാദിച്ചിരിക്കുന്ന സസ്പെൻഷൻ ഒരു ശിക്ഷ

(canonical penalty) യാണ്. അത് നല്കുന്നത് സഭാക്കോടതിയിലെ ഒരു വിധിയിലൂടെയോ അല്ലെങ്കിൽ രൂപതാമെത്രാനോ തത്തുല്യ പദവിയിലോ അതിലും ഉയർന്ന പദവിയിലുമോ ഉള്ള ഒരധികാരിയുടെ കല്പനവഴിയോ മാത്രമായിരിക്കും. എന്നാൽ, ശരിക്കും പറഞ്ഞാൽ, ഒരുശിക്ഷയല്ലാത്ത 'സസ്പെൻഷൻ' പൗരസ്ത്യ പാശ്ചാത്യ കാനൻ നിയമത്തിലുണ്ട് (CCEO c. 1473, CIC c. 1722). അതിനാണ് അന്വേഷണവിധേയമായ സസ്പെൻഷൻ എന്ന് പറയുന്നത്. ഗൗരവമായ ഒരു പരാതി ഒരു വൈദികനെപ്പറ്റി ലഭിച്ചാൽ, ആ വൈദികന്റെ രൂപതാമെത്രാൻ, അഥവാ, സന്യാസവൈദികന്റെ കാര്യത്തിലാണെങ്കിൽ, ആ വൈദികന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ, ഉടനെതന്നെ ഒരു ഡിക്രിവഴി ഒരു പ്രാരംഭ അന്വേഷണത്തിന് ഉത്തരവിടുകയും അക്കൂട്ടത്തിൽത്തന്നെ മറ്റൊരു ഡിക്രിവഴി, കുറ്റാരോപിതനെ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യുകയും ചെയ്യുന്നതാണിത്. Innocent until proven guilty: ഒരാൾ കുറ്റക്കാരനായി വിധിക്കപ്പെടുന്നതുവരെ, അയാളെ നിരപരാധിയായാണ് കാണേണ്ടത്. അതിനാൽത്തന്നെ, കുറ്റാരോപിതനെതിരെയുള്ള ഇങ്ങനെയുള്ള സസ്പെൻഷൻ ഒരു ശിക്ഷയല്ലതാനും. 1473-ാം കാനോന ഇങ്ങനെ നിഷ്കർഷിക്കുന്നു: "ഉതപ്പുണ്ടാകുന്നത് തടയുവാനും സാക്ഷികളുടെ സ്വാതന്ത്ര്യം സംരക്ഷിക്കുവാനും നീതി പരിരക്ഷിക്കുവാനുമായി, വിചാരണയുടെ ഏത് തലത്തിലും ഘട്ടത്തിലും, നീതിസംരക്ഷകനെ ശ്രവിച്ചതിനുശേഷവും, കുറ്റാരോപിതനെ അറിയിച്ചശേഷവും തിരുപ്പട്ടങ്ങൾ, ഉദ്യോഗം, ശുശ്രൂഷ അല്ലെങ്കിൽ മറ്റൊരു ചുമതല എന്നിവയുടെ വിനിയോഗത്തിൽനിന്നും കുറ്റാരോപിതനെ തടയുന്നതിനും ഒരു നിശ്ചിതസ്ഥലത്തോ പ്രദേശത്തോ ഉള്ള വാസം ചുമത്തുന്നതിനോ, വിലക്കുന്നതിനോ വിശുദ്ധ കുർബാനയുടെ പരസ്യമായ സ്വീകരണത്തിൽനിന്നുപോലും തടയുന്നതിനുമോ മേലദ്ധ്യക്ഷന് കഴിയുന്നതാണ്. ഈ നടപടികൾക്കുള്ള കാരണം ഇല്ലാതാകുമ്പോൾ അവ പിൻവലിക്കേണ്ടതാണ്. ക്രിമിനൽ വ്യവഹാരം അവസാനിക്കുന്നതോടെ നിയമത്താൽത്തന്നെ അവ ഇല്ലാതാവുകയും ചെയ്യും."

ഈ കാനോനയുടെ മൂന്ന് ലക്ഷ്യങ്ങളിലൊന്ന് സമൂഹത്തിലുണ്ടായിട്ടുള്ള, അഥവാ ഉണ്ടാകുവാൻ സാദ്ധ്യതയുള്ള ഉതപ്പ് (scandal) തടയുക എന്നതാണ്. "വിചാരണയുടെ ഏത് തലത്തിലും ഘട്ടത്തിലും" എന്ന നിബന്ധന (at any stage and grade of the penal trial) പലരിലും തെറ്റിദ്ധാരണയുളവാക്കുന്നതായി കാണപ്പെടുന്നുണ്ട്. അതുകൊണ്ടുതന്നെ, സഭാക്കോടതിയിലെ ക്രിമിനൽ വിചാരണയാരംഭിച്ച് (penal trial) കഴിയുമ്പോൾ മാത്രമേ ഇത്തരത്തിൽ 1473-ാം കാനോന ഉപയോഗിക്കുവാൻ സാധിക്കുകയുള്ളൂ എന്ന് കരുതുന്നവരുമുണ്ട്. എന്നാൽ ഇത് ശരിയല്ല. പൗരസ്ത്യ കാനൻ നിയമത്തിലെ 28-ാം ശീർഷകത്തിന്റെ രണ്ടാം അദ്ധ്യായത്തിന്റെ തലക്കെട്ട് ക്രിമിനൽ വിചാരണ (penal trial) എന്നാണ്. അതിന്റെ ഒന്നാം ഭാഗമാണ് പ്രാഥമിക അന്വേഷണം (cc. 1468-1470). അതിനാൽത്തന്നെ, വിചാരണയുടെ ഏത് തലത്തിലും ഘട്ടത്തിലുമെന്ന് പറയുന്നത് 'പ്രാഥമിക അന്വേഷണ'ഘട്ടത്തിലുമെന്ന് മനസ്സിലാക്കേണ്ടതാണ്.

ആനുകാലിക സംഭവവികാസങ്ങളുടെ പശ്ചാത്തലത്തിൽ ചിന്തിച്ചാൽ വളരെയധികം പ്രാധാന്യമർഹിക്കുന്ന ഒരു കാനോനയാണ് 1473. എറണാകുളത്തെ കത്തീഡ്രൽ ദേവാലയമായ സെന്റ് മേരീസ് ബസലിക്കയിൽ അതിക്രമിച്ച് കടന്ന്, അനുവാദമില്ലാതെ തുടർച്ചയായി നിയമലംഘന കുർബാന (illicit) അർപ്പിക്കുകയോ പ്രത്യക്ഷമായി നോക്കിയാൽ കപടമായി ബലിയർപ്പിക്കുകയോ (simulation of the celebration of the Divine Liturgy) ചെയ്ത ഒരു പറ്റം വിമതവൈദികർക്കെതിരെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ കമ്മീഷനെവച്ച് പ്രാഥമിക അന്വേഷണം പ്രഖ്യാപിച്ചപ്പോൾത്തന്നെ, അവരെ 1473-ാം കാനോന പ്രകാരം അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യാമായിരുന്നു. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ, 2022 ഡിസംബർ 23, 24 തീയതികളിൽ ബസലിക്കയിൽ സംഭവിച്ച അസ്വീകാര്യവും എത്രയും അപലപനീയവുമായ വിമതവൈദികരുടെ നടപടികൾ ഇത്രയുമധികം ഉതപ്പിന് കാരണമാവുകയില്ലായിരുന്നു. പരിശുദ്ധ സിംഹാസനത്തിന്റെ നിർദ്ദേശമോ ഇടപെടലോ കൂടാതെ ഏതൊരു മേലദ്ധ്യക്ഷനും (hierarch) ഉപയോഗിക്കാവുന്ന ഒരു താല്ക്കാലിക നടപടിക്രമം (interim measure) ആണ് "administrative leave" എന്ന ഓമനപ്പേരിൽ ലത്തീൻസഭയിലെ പല കാനൻ നിയമപണ്ഡിതരും വിളിക്കുന്ന ഈ "അന്വേഷണവിധേയമായ സസ്പെൻഷൻ." പ്രാഥമിക അന്വേഷണത്തിൽ കുറ്റക്കാരനല്ല എന്ന് കണ്ടെത്തിയാൽ ഈ സസ്പെൻഷൻ പിൻവലിക്കേണ്ടതാണ്. കുറ്റവിചാരണയുടെ അവസാനം വിധി പ്രഖ്യാപിക്കുമ്പോൾ ഈ സസ്പെൻഷൻ നിയമംവഴി ഇല്ലാതാവുകയും ചെയ്യും.

പൗരസ്ത്യ കാനൻനിയമത്തിൽ മാത്രം കാണുന്ന, ശുശ്രൂഷാപൗരോഹിത്യത്തിന്റെ വ്യത്യസ്ത പടവുകളിലുള്ളവരെ ശിക്ഷിക്കുവാനുപയോഗിക്കാവുന്ന മറ്റൊരു ശിക്ഷയാണ് "താഴ്ന്ന പദവിയിലേക്കുള്ള തരംതാഴ്ത്തൽ" (demotion). ഇതിന് തത്തുല്യമായ ഒരു ശിക്ഷ ലത്തീൻസഭയുടെ കാനൻനിയമത്തിൽ (CIC) ഇല്ല. ഈ ശിക്ഷ കിട്ടിയ മെത്രാൻ (bishop) വൈദിക (presbyter) നായും വൈദികൻ ഡീക്കനായും മാറുന്നു. 1433-ാം കാനോനയുടെ ഒന്നാം ഖണ്ഡിക ഈ ശിക്ഷ (punishment) യെപ്പറ്റി ഇങ്ങനെ വിശദീകരിക്കുന്നു: "താഴ്ന്ന ഒരു പദവിയിലേക്ക് തരം താഴ്ത്തപ്പെട്ട വൈദികശുശ്രൂഷി പുതിയ പദവി

യുമായി യോജിച്ചു പോകുന്നില്ലാത്ത തിരുപ്പട്ടത്തിന്റെയും ഭരണത്തിന്റെയും അധികാരം വിനിയോഗിക്കുന്നതിൽനിന്നും വിലക്കപ്പെട്ടിരിക്കുന്നു."

ശുശ്രൂഷാ പൗരോഹിത്യത്തിലുള്ളവർക്ക് കിട്ടുന്ന ഏറ്റവും കഠിനമായ ശിക്ഷകളിലൊന്ന് അവരെ പൗരോഹിത്യത്തിൽനിന്ന് പിരിച്ചുവിടുക, അഥവാ നീക്കം ചെയ്യുക (deposition) എന്നതാണ്. ഈ ശിക്ഷ കിട്ടിയവർ ഫലത്തിൽ അത്മായ വിശ്വാസികളുടെ തുല്യരായി മാറുന്നു (cf. CCEO c. 1433). അവർക്ക് വൈദികാന്തസ്സ് (clerical state) നഷ്ടപ്പെടുന്നു. വൈദികരുടേതായ അധികാരങ്ങളും കടമകളും (rights and duties) ഇല്ലാതാവുന്നു. അസ്തിത്വപരമായ (ontological), പട്ടസ്വീകരണത്തിലൂടെ ലഭിച്ച പൗരോഹിത്യം (priesthood) നിലനിൽക്കുന്നുവെങ്കിൽക്കൂടി, ആ പൗരോഹിത്യത്തിന്റെ ശുശ്രൂഷ രണ്ട് കാര്യങ്ങളിലൊഴികെ (cf. CCEO cc. 396, 725) അവർക്ക് നഷ്ടപ്പെടുന്നു.

മുകളിൽപ്പറഞ്ഞ മൂന്ന് ശിക്ഷകൾ കൂടാതെ (suspension, demotion and deposition) മറ്റ് പല ശിക്ഷകളും വൈദികർക്ക് നല്കുവാൻ സാധിക്കും. അവയിൽ ചിലതാണ്: "നിശ്ചിത പ്രാർത്ഥനകൾ, തീർത്ഥാടനം, പ്രത്യേക ഉപവാസം, ദാനധർമ്മം, ധ്യാനം തുടങ്ങിയ ഗൗരവമാർന്ന പുണ്യപ്രവൃത്തികൾ, ഭക്താഭ്യാസങ്ങൾ, ഉപവിപ്രവർത്തനങ്ങൾ" (cf. CCEO c. 1426) എന്നിവ. അതുപോലെതന്നെയുള്ള മറ്റൊരു ശിക്ഷയാണ് "പരസ്യശാസന" (public rebuke; cf. CCEO c. 1427). കുറ്റക്കാരനെ നിരീക്ഷണവിധേയനാക്കുക (supervision; cf. CCEO c. 1428) എന്നതാണ് മറ്റൊരു ശിക്ഷ. ഒരു നിശ്ചിത സ്ഥലത്ത് താമസിക്കുവാനുള്ള കല്പന, അഥവാ ഒരു നിശ്ചിത സ്ഥലത്ത് പ്രവേശിക്കാതിരിക്കുവാനുള്ള കല്പന (prohibition against residing in a certain place/order to reside in a certain place) എന്നിവയും ശിക്ഷയുടെ പട്ടികയിൽ ഇടംപിടിച്ചിട്ടുണ്ട് പൗരസ്ത്യ കാനൻ നിയമത്തിൽ (cf. CCEO c. 1429). ഇതിൽ 1426 മുതൽ 1428 വരെയുള്ള കാനോനകളിൽ പറഞ്ഞിരിക്കുന്ന ശിക്ഷകൾകൊണ്ട് അത്മായരെയും സന്യസ്തരെയും വൈദികരെയും ശിക്ഷിക്കാമെങ്കിൽ 1429-ാം കാനോനയിലെ ശിക്ഷ അത്മായർക്ക് നൽകുവാനാവില്ല.

### *1.2. പൗരസ്ത്യ കാനൻ നിയമത്തിലെ കുറ്റങ്ങൾ (Delicts)*

പൗരസ്ത്യ കാനൻ നിയമത്തിൽ പ്രതിപാദിച്ചിട്ടുള്ള പ്രത്യേക കുറ്റങ്ങളും അവയ്ക്കുള്ള ശിക്ഷകളും 1436 മുതൽ 1467 വരെയുള്ള കാനോനകളിലാണ് കാണുക. എന്നാൽ, 1406-ാം കാനോനപ്രകാരം മറ്റ് നിയമലംഘനങ്ങളും ശിക്ഷ ചുമത്തുമെന്നുള്ള ഭീഷണിയോടുകൂടിയ വ്യക്തിഗതമായ ഒരു കല്പനവഴി (penal precept) കുറ്റമാക്കി മാറ്റുവാനും അങ്ങനെ ശിക്ഷിക്കുവാനും സാധിക്കും. അതുപോലെതന്നെ, ചില വളരെ ഗൗരവമേറിയ കുറ്റങ്ങൾക്കുള്ള ശിക്ഷ വത്തിക്കാനിലെ വിശ്വാസകാര്യാലയത്തിന്റെ (Dicastery for the Doctrine of the Faith) മാത്രം അധികാരപരിധിയിലാണ് വരികയെന്ന് മാർപ്പാപ്പ ഒരു പ്രത്യേക നിയമത്തിലൂടെ (Motu Proprio Sacramentorum Sanctitatis Tutela, 2001, 2010) വ്യക്തമാക്കിയിട്ടുമുണ്ട്. ആ വിഭാഗത്തിൽപ്പെട്ട ഏതെങ്കിലും കുറ്റം ആരെങ്കിലും ചെയ്തതായി അറിവ് കിട്ടുന്നവർക്ക് അത് പ്രസ്തുത കാര്യാലയത്തെയോ സ്ഥലത്തെ മെത്രാനെയോ അറിയിക്കാവുന്നതാണ്. സന്യസ്തവൈദികർ അത്തരം കുറ്റങ്ങൾ ചെയ്തതായി കാണപ്പെട്ടാൽ, ആ വിവരം കുറ്റാരോപിതന്റെ പ്രൊവിൻഷ്യൽ സുപ്പീരിയറിനെയോ സുപ്പീരിയർ ജനറലിനെയോ അറിയിച്ചാൽ മതിയാകും. ഇങ്ങനെയുള്ള അറിവ് കിട്ടുന്ന അധികാരി 1468 മുതൽ 1470 വരെയുള്ള കാനോനപ്രകാരമുള്ള പ്രാഥമിക അന്വേഷണം നടത്തി അതിന്റെ ഫയൽ സ്വന്ത അഭിപ്രായത്തോടുകൂടി വിശ്വാസകാര്യാലയത്തിന് അയച്ചുകൊടുക്കുകയും പ്രസ്തുത കാര്യാലയത്തിന്റെ നിർദ്ദേശാനുസരണം തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ, ഈ പ്രാഥമിക അന്വേഷണ കാലയളവിൽത്തന്നെ, ആവശ്യമെങ്കിൽ 1473-ാം കാനോനപ്രകാരമുള്ള അന്വേഷണവിധേയമായ സസ്പെൻഷൻ ഉപയോഗിക്കേണ്ടതുമാണ്.

1436 മുതൽ 1467 വരെയുള്ള കാനോനകളിൽ വളരെയധികം കുറ്റങ്ങളും അവയ്ക്കുള്ള ശിക്ഷകളും വ്യക്തമായി പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. എങ്കിലും, ഈ ലേഖനത്തിൽ അവയെ മുഴുവൻ അപഗ്രഥിക്കാനാവില്ലാത്തതിനാൽ, ആനുകാലിക സംഭവങ്ങളുടെ പശ്ചാത്തലത്തിൽ പ്രത്യേക പരാമർശം ആവശ്യമുള്ള ചില കുറ്റങ്ങൾ മാത്രം ഇവിടെ പഠനവിഷയമാക്കുന്നു.

#### *1.2.1. ശീശ്മയും ശിക്ഷയും*

1437-ാം കാനോനയിൽ ഇങ്ങനെ നിർദ്ദേശിച്ചിരിക്കുന്നു: "സഭയുടെ പരമോന്നതാധികാരത്തോടുള്ള വിധേയത്വമോ അതിന് വിധേയരായ ക്രൈസ്തവവിശ്വാസികളോടുള്ള കൂട്ടായ്മയോ നിരസിക്കുകയും, നിയമാനുസരണം താക്കീത് നൽകിയിട്ടും അനുസരിക്കാതിരിക്കുകയും ചെയ്യുന്ന ഒരാൾ ശീശ്മക്കാരനെന്ന നിലയിൽ വലിയ മഹറോൻ ശിക്ഷയ്ക്കർഹനാണ്."

#### *1.2.2. വൈദിക മേലദ്ധ്യക്ഷ അനുസ്മരണം ഒഴിവാക്കൽ*

വിശുദ്ധ കുർബാനയിലും യാമപ്രാർത്ഥനയിലും മാർപ്പാപ്പയേയും മേജർ ആർച്ച് ബിഷപ്പിനേയും അതിരൂപതാ മെത്രാപ്പോലീത്തയേയും രൂപതാ മെത്രാനേയും അനുസ്മരിച്ച് പ്രാർത്ഥിക്കേണ്ട അവസരങ്ങളുണ്ട്. ലിറ്റർജി എന്നത് സഭാസമൂഹത്തിന്റെ ഔദ്യോഗിക ആരാധനയാണ്. അത് ആഗോള കത്തോലിക്കാസഭയോട് ചേർന്നാണ് അർപ്പിക്കുന്നത്. ഓരോ ബലിയർപ്പണവും സ്ഥലത്തെ മെത്രാനോടും മെത്രാപ്പോലീത്തയോടും ആയിരിക്കുന്ന വ്യക്തിസഭയുടെ തലവനോടും ആഗോള കത്തോലിക്കാസഭയുടെ തലവനും പത്രോസിന്റെ പിൻഗാമിയുമായ മാർപ്പാപ്പയോടും ചേർന്നാണ് അർപ്പിക്കപ്പെടുന്നതെന്നുകൂടി സൂചിപ്പിക്കുവാനാണ് ഈ അനുസ്മരണം. ആരാധനക്രമഗ്രന്ഥത്തിൽ നിഷ്കർഷിച്ചിട്ടുള്ള ഈ അനുസ്മരണം മനഃപൂർവം ഒഴിവാക്കുന്നത് ശിക്ഷാർഹമായ കുറ്റമാണ്. 1438-ാം കാനോന ഇങ്ങനെ നിഷ്കർഷിച്ചിരിക്കുന്നു: "വിശുദ്ധ കുർബാനയിലും യാമപ്രാർത്ഥനകളിലും നിയമം നിശ്ചയിച്ചിരിക്കുന്ന രീതിയിലുള്ള മേലദ്ധ്യക്ഷന്റെ അനുസ്മരണം മനഃപൂർവം ഒഴിവാക്കുകയും, നിയമാനുസരണം താക്കീത് നല്കിയിട്ടും തിരുത്താതിരിക്കുകയും ചെയ്യുന്ന ഒരുവനെ വലിയ മഹറോൻ ശിക്ഷപോലും ഒഴിവാക്കാതെ തന്നെ അനുയോജ്യമായി ശിക്ഷിക്കേണ്ടതാണ്."

### *1.2.3. വിശുദ്ധ വസ്തുക്കൾ അവിശുദ്ധമായ (Profane) ഉപയോഗത്തിനോ മോശമായ ലക്ഷ്യത്തിനോ ഉപയോഗിക്കൽ*

1441-ാം കാനോനയിൽ നാം ഇങ്ങനെ വായിക്കുന്നു: "വിശുദ്ധ വസ്തുക്കൾ അവിശുദ്ധമായ ഉപയോഗത്തിനോ മോശമായ ലക്ഷ്യത്തിനോ വേണ്ടി ഉപയോഗിക്കുന്ന ഏതൊരുവനെയും വിശുദ്ധ കുർബാന സ്വീകരിക്കുന്നതിൽനിന്നും സസ്പെൻഡ് ചെയ്യുകയോ, വിലക്കുകയോ ചെയ്യേണ്ടതാണ്." വിശുദ്ധ വസ്തുക്കളിൽ കാസയും പീലാസയും തുടങ്ങി വിശുദ്ധ കുർബാനയർപ്പണത്തിനുവേണ്ടി മാത്രം മാറ്റിവയ്ക്കപ്പെട്ട വസ്തുക്കൾ മാത്രമല്ല ഉള്ളത്. അവയോടൊപ്പംതന്നെ (cf. CCEO c. 1018), പള്ളികൾ (CCEO c. 869) സിമിത്തേരികൾ (CCEO c. 874) ഐക്കണുകൾ (CCEO c. 887) തിരുശേഷിപ്പുകൾ (CCEO c. 888) എന്നിവ തുടങ്ങി "പ്രതിഷ്ഠാകർമ്മമോ വെഞ്ചരിപ്പോ വഴി ദൈവാരാധനയ്ക്കായി മാറ്റി വയ്ക്കപ്പെട്ടവയെല്ലാം" ഉൾപ്പെടുന്നു. 872-ാം കാനോനയുടെ ഒന്നാം ഭാഗം ഇങ്ങനെ നിഷ്കർഷിക്കുന്നു: "സ്ഥലത്തിന്റെ പരിശുദ്ധിക്ക് നിരക്കാത്ത കാര്യങ്ങളെല്ലാം ദൈവാലയങ്ങളിൽ നിന്നും അകറ്റി നിറുത്തേണ്ടതാണ്." ദൈവാലയം (church) എന്താണ് എന്ന് 869-ാം കാനോനയിൽ ഇങ്ങനെ വ്യക്തമാക്കിയിരിക്കുന്നു: "പ്രതിഷ്ഠയാലോ (consecration), ആശീർവാദത്താലോ ദൈവാരാധനയ്ക്ക് മാത്രമായി സമർപ്പിക്കപ്പെട്ടിരിക്കുന്ന കെട്ടിടമാണ് ദൈവാലയം."

ദൈവാലയം പ്രതിഷേധ പ്രകടനങ്ങൾക്കോ ഡാൻസ് പോലുള്ള പരിപാടികൾക്കോ ഉപയോഗിക്കുന്നത് ഇങ്ങനെയുള്ള അവിശുദ്ധമായ ഉപയോഗമായി വേണം കരുതുവാൻ. എന്നാൽ, ദൈവാലയത്തിൽ ഒരു മാമ്മോദീസയോ, വിവാഹമോ നടന്നുകഴിഞ്ഞശേഷം ദൈവാലയത്തിനുള്ളിൽവച്ച് ഒന്നോ രണ്ടോ ഫോട്ടോകളെടുക്കുന്നത് ഇവിടെ പ്രതിപാദിച്ചിരിക്കുന്ന കുറ്റത്തിന്റെ വകുപ്പിൽപ്പെടുന്നതായി കരുതേണ്ടതില്ല.

### *1.2.4. വിശുദ്ധ കുർബാനയോടുള്ള നിന്ദ (Sacrilege)*

1442-ാം കാനോന ഇങ്ങനെ നിർദ്ദേശിച്ചിരിക്കുന്നു: "വിശുദ്ധ കുർബാന എറിഞ്ഞുകളയുകയോ അത് ദൈവനിന്ദകമായ (sacrilegious) ഉദ്ദേശ്യത്തിനായി കൊണ്ടുപോവുകയോ സൂക്ഷിക്കുകയോ ചെയ്തിട്ടുള്ള വ്യക്തി വലിയ മഹറോൻ ശിക്ഷയാലും, അദ്ദേഹം ഒരു വൈദിക ശുശ്രൂഷിയാണെങ്കിൽ സ്ഥാനഭ്രഷ്ടനാക്കപ്പെടൽ പോലും ഒവിവാക്കാതെതന്നെ മറ്റ് ശിക്ഷകളാലും ശിക്ഷിക്കപ്പെടേണ്ടതാണ്." ഇവിടെ പറഞ്ഞിരിക്കുന്ന 'എറിഞ്ഞുകളയുക' എന്ന വാക്കിന്റെ അർത്ഥം പരിശുദ്ധ സിംഹാസനത്തിലെ നിയമങ്ങൾ വ്യാഖ്യാനിക്കുന്ന കാര്യാലയം (Dicastery of Legislative Texts) 1999-ൽ കുറെക്കൂടി വിസ്തൃതമാക്കിയിട്ടുണ്ട് (cf. *AAS* 91 (1999) 918, *Communicationes* 31 (19990 40-41). വിശുദ്ധ കുർബാനയോടുള്ള ദൈവനിന്ദകമായ പെരുമാറ്റം വളരെ ഗൗരവതരമായ ഒരു കുറ്റമാണ്; അത് ചെയ്തവർ ശിക്ഷിക്കപ്പെടേണ്ടതാണ്. ഈ കുറ്റം ചെയ്യുന്ന ആൾക്ക് ദൈവനിന്ദ ചെയ്യുക എന്ന ഉദ്ദേശമുണ്ടായിരിക്കണം. നിയമസംബന്ധിയായ വത്തിക്കാനിലെ കാര്യാലയത്തിന്റെ 1999-ലെ വിശദീകരണത്തിൽ നാം ഇങ്ങനെ വായിക്കുന്നു: "Therefore a grave offence of sacrilege against the Body and Blood of Christ is committed by anyone who takes away and/or keep the Sacred Species for a sacrilegious (obscene, superstitious, irreligious) purpose, and by anyone who, even without removing them from the tabernacle, monstrance or altar, makes them the object of any external, voluntary and serious act of contempt" (*Communicationes* 31(1999) 40-41).

2022 ഡിസംബർ 24-ാം തീയതി എറണാകുളത്ത് സെന്റ് മേരീസ് ബസലിക്കയിൽ ചില അത്മായർ 1442-ാം കാനോനയിൽ പറഞ്ഞിരിക്കുന്ന വിശുദ്ധ കുർബാനയോടുള്ള ദൈവനിന്ദ എന്ന കുറ്റം ചെയ്തു

വെന്നും ആ അത്മായരെയെല്ലാം അതിനാൽത്തന്നെ വലിയ മഹറോൻ ശിക്ഷയാൽ ശിക്ഷിക്കണമെന്നും പലരും ആവശ്യപ്പെട്ടതായും 2023 ജനുവരി 15-ാം തീയതി എറണാകുളം മറൈൻ ഡ്രൈവിലേക്ക് നടന്ന പാപപരിഹാര റാലിയിൽ ആവശ്യപ്പെട്ടതായും കേൾക്കുകയുണ്ടായി. എന്നാൽ 2022 ഡിസംബർ 24-ാം തീയതിയിലെ ബസലിക്കയിലെ മദ്ബഹയിൽ നടന്ന അനിഷ്ഠസംഭവങ്ങളുടെ വീഡിയോ കണ്ടതിലും ആ സമയത്ത് അവിടെ അൾത്താരയിൽ ബലിയർപ്പിച്ചുകൊണ്ടിരുന്ന തോമസ് നങ്ങേലിമാലിലച്ചന്റെ സാക്ഷ്യപ്രകാരവും അവിടെ അങ്ങനെയൊരു വിശുദ്ധ കുർബാനയോടുള്ള sacrilege നടന്നിട്ടില്ല എന്നത് വ്യക്തം.

തോമസ് നങ്ങേലിമാലിലച്ചനോട് ഈ വിഷയത്തിന്റെ സത്യാവസ്ഥ അന്വേഷിച്ച് ഈ ലേഖകൻ 2022 ഡിസംബർ 26-ാം തീയതി അയച്ച സന്ദേശത്തിന് അന്നേദിവസം തന്നെ അച്ചൻ വാട്ട്സ്ആപ്പിലൂടെ നല്കിയ മറുപടി (written statement) യുടെ പ്രസക്തഭാഗങ്ങൾ താഴെക്കുറിക്കുന്നു: “ഞങ്ങൾ മൂന്നച്ചന്മാർ ചേർന്നാണ് ആ സമയത്ത് ബലിയർപ്പിച്ചത്. അതിന് വിരുദ്ധമായി അഞ്ച് അച്ചന്മാർ എന്നൊക്കെയാണ് നുണപോസ്റ്റിൽ പറയുന്നത്... അക്രമികൾ പരിശുദ്ധമായ മദ്ബഹയിലേക്ക് ആക്രോശിച്ചുകൊണ്ട് തള്ളിക്കയറിവരുമ്പോൾ എന്റെ ചങ്ക് പിടഞ്ഞു. അപകടമാണ് എന്ന് തോന്നിയ അടുത്ത നിമിഷം ഞാൻ ചെയ്തത് തിരുക്കാസ എടുത്ത് നെഞ്ചോട് ചേർത്തു പിടിക്കുകയാണ്... തുടർന്ന് ഏതാനും അച്ചന്മാരും അത്മായരും ചേർന്ന് എനിക്ക് സംരക്ഷണമൊരുക്കി. ഏതാണ്ട് 25 മിനിറ്റോളം ആ സംഘർഷം തുടർന്നു. വി. കുർബാനയുടെ ബാക്കിഭാഗം വി. കാസ ഞാൻ എന്റെ കൈയിൽ പിടിച്ചും സഹകാർമ്മികൻ തിരുവോസ്തി കൈയിൽ പിടിച്ചും അർപ്പിച്ചു. പ്രാർത്ഥനകളെല്ലാം മനസ്സിൽ ചൊല്ലി. ...സംഘർഷത്തിനിടയിലും അൾത്താരയിൽവച്ചുതന്നെ വി. കുർബാന പൂർത്തിയാക്കി കർത്താവിന്റെ തിരുശരീരങ്ങൾ ഉൾക്കൊണ്ടു.” നങ്ങേലിമാലിലച്ചന്റെ ഈ പ്രസ്താവനയിൽ നിന്നുതന്നെ വ്യക്തമാണ് അവിടെ ബസലിക്കാ പള്ളിയിലാരും, പിന്നീട് പലരും ആരോപിച്ചതുപോലെ, തിരുരക്തമടങ്ങിയ കാസ മറിച്ചിടുകയോ, തിരുവോസ്തി ചവിട്ടിമെതിക്കുകയോ ചെയ്തിട്ടില്ല എന്ന്. തങ്ങൾ ചെയ്ത ഗൗരവമായ കുറ്റങ്ങളിൽനിന്നും ശ്രദ്ധതിരിക്കുവാനും ജനരോഷം, MTNS ന്റെ നേരെ തിരിക്കുവാനുമായി പിന്നീടുണ്ടാക്കിയ തിരക്കഥയാണ് അത്മായർ വി. കുർബാനയെ നിന്ദിച്ച് ഗൗരവതരമായ കുറ്റം ചെയ്തു എന്നത്. ആ തോന്നൽ വിശ്വാസികളുടെ മനസ്സിൽ രൂഢമൂലമാക്കുവാൻവേണ്ടി തിരുരക്തം ചിന്തിമറിഞ്ഞുകിടക്കുന്ന കാസയുടെ കാർട്ടൂണും എറണാകുളം വിമതരുണ്ടാക്കി പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു എന്നുമാത്രം. ഹിറ്റ്ലറിന്റെ കീഴിൽ Paul Goebbels എന്ന നാസി തന്ത്രജ്ഞൻ ഉപയോഗിച്ച അതേ തന്ത്രം തന്നെയാണ് ഇന്നും എറണാകുളം വിമതർ പയറ്റുന്നത്: അതായത് നുണ ആയിരം ആവർത്തി ആവർത്തിച്ച് സത്യത്തിന്റെ പരിവേഷം നൽകൽ. ഇതിനാണ് മലയാളത്തിൽ ഗീബൽസിയൻ തന്ത്രം എന്ന് വിശേഷിപ്പിക്കുന്നത്.

### *1.2.5. വിശുദ്ധ കുർബാനയുടെ കപടമായ പരികർമ്മം*

1443-ാം കാനോന ഇങ്ങനെ നിഷ്കർഷിക്കുന്നു: “വി. കുർബാനയുടെയോ മറ്റ് കൂദാശകളുടെയോ പരികർമ്മം കപടമായി നടത്തിയിട്ടുള്ള ഒരു വ്യക്തി വലിയ മഹറോൻ ശിക്ഷപോലും ഒഴിവാക്കാതെ തന്നെ അനുയോജ്യമായി ശിക്ഷിക്കപ്പെടേണ്ടതാണ്.” ഇവിടെ ‘കപടമായി’ എന്ന് തർജ്ജമ ചെയ്തിരിക്കുന്നത് simulation എന്ന ഇംഗ്ലീഷ് പദത്തെയാണ് (A person who has simulated). ‘സിമുലേഷൻ’ എന്ന പദംകൊണ്ട് വിവക്ഷിക്കുന്നത് ബാഹ്യമായ ഒരു പ്രവൃത്തി ചെയ്യുമ്പോൾത്തന്നെ, ആന്തരികമായ ഉദ്ദേശ്യം വേറെയായിരിക്കുക എന്നതാണ്. കാനൻ നിയമത്തിൽ വിവാഹം അസാധുമായി പ്രഖ്യാപിക്കുന്ന സാഹചര്യങ്ങളിൽ അതിനുപോൽബലകമായ ഒരു കാരണമായാണ് സിമുലേഷനെ പരിഗണിക്കുന്നത്. ഉദാഹരണമായി, ഒരു വ്യക്തിക്ക് അമേരിക്കയിലേക്ക് പോകണം എന്ന വലിയൊരാഗ്രഹം. വിസയ്ക്കുള്ള ശ്രമങ്ങളെല്ലാം പരാജയപ്പെട്ടപ്പോൾ അമേരിക്കയിൽ ജീവിക്കുന്ന ഒരാളെ വിവാഹം ചെയ്യുവാൻ തീരുമാനിക്കുന്നു. ആളുടെ ലക്ഷ്യം അമേരിക്കയിൽ ജോലി ചെയ്യുന്ന ആളുമായിട്ടുള്ള വിവാഹമല്ല, പ്രത്യുത, അമേരിക്കയിലേക്കുള്ള വിസ സംഘടിപ്പിക്കലാണ്. എന്നാൽ, അയാൾ വിവാഹത്തിന്റെ എല്ലാ കർമ്മങ്ങളിലും ഒരു മടിയും കൂടാതെ പങ്കെടുക്കുന്നു. വിവാഹശേഷം, അമേരിക്കയിലെത്തിയ ശേഷം വിവാഹം അസാധുവാക്കിക്കിട്ടുവാൻ രൂപതാകോടതിയെ സമീപിക്കുന്നു. അഥവാ, ഇതിനകം, അയാളുടെ യഥാർത്ഥ ലക്ഷ്യം മനസ്സിലാക്കിയ അയാളുടെ ഭാര്യ അഥവാ ഭർത്താവ് ഈ വിവാഹം അസാധുവായി പ്രഖ്യാപിച്ചുകിട്ടുവാൻ സഭാകോടതിയെ സമീപിക്കുന്നു. തെളിവുകളുടെ വെളിച്ചത്തിൽ സഭാക്കോടതിക്ക് പ്രസ്തുത വിവാഹം “പൂർണ്ണ സിമുലേഷന്റെ” കാറ്റഗറിയിൽപ്പെടുത്തി അസാധുവായി പ്രഖ്യാപിക്കാവുന്നതാണ്. ഇതുപോലെയുള്ള simulation-നെയാണ് ‘കപടമായി’ എന്ന് 1443-ാം കാനോനയിൽ വിക്ഷിക്കുന്നത്.

പൊതുവെ പറഞ്ഞാൽ, ഒരു വൈദികൻ വിശുദ്ധ കുർബാനയർപ്പണം സിമുലേറ്റ് ചെയ്തുവെന്ന് മനസ്സിലാക്കുവാൻ ബുദ്ധിമുട്ടുണ്ട്. എന്തിന് പുരോഹിതൻ വി. കുർബാന കപടമായി അർപ്പിക്കണം എന്ന

ചോദ്യമാണ് ഇക്കാര്യത്തിൽ പ്രസക്തം. എന്നാൽ, പ്രഥമദൃഷ്ട്യാ (prima facie) വൈദികൻ ബലിയർപ്പിച്ചത് ബലിയർപ്പിക്കുവാൻ വേണ്ടിയല്ല എന്ന് തോന്നുന്നതിനുള്ള ഗൗരവമായ കാരണങ്ങളുള്ളപ്പോൾ ഈ കാനോനയനുസരിച്ച് കേസെടുക്കേണ്ടതും അഥവാ, കേസ് എടുക്കാവുന്നതും, തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എറണാകുളം ബസലിക്കായിലെ 2022 ഡിസംബർ 23, 24 തീയതികളിലെ അഖണ്ഡ ബലിയർപ്പണം 1443-ൽ പറഞ്ഞിട്ടുള്ള കപടമായ ബലിയർപ്പണമായിരുന്നുവെന്ന് ന്യായമായും സംശയിക്കുവാനുള്ള കാരണങ്ങൾ പലതാണ്: 1) വി. കുർബാന അവിടെ അഖണ്ഡമായി അർപ്പിച്ച വൈദികർക്കാർക്കും അവിടെ ബലിയർപ്പിക്കുവാൻ ബസലിക്കായുടെ അഡ്മിനിസ്ട്രേറ്ററിന്റെ അനുവാദമുണ്ടായിരുന്നില്ല; 2) ബസലിക്കായുടെ അഡ്മിനിസ്ട്രേറ്ററിനെ അവിടെ ബലിയർപ്പിക്കുന്നതിൽനിന്ന് തടയുന്നതിനുവേണ്ടിയാണ് അവർ തുടർച്ചയായി അവിടെ ബലിയർപ്പിച്ചുകൊണ്ടിരുന്നത്; 3) ബസലിക്കായുടെ അഡ്മിനിസ്ട്രേറ്റർ ബലിയർപ്പിക്കുമെന്നറിയിച്ച സമയത്തിന് മുമ്പുതന്നെ അവർ ബലിപീഠത്തിലെത്തുകയും ബലിയർപ്പണം ആരംഭിക്കുകയും ചെയ്തു; 4) ബസലിക്കാ അഡ്മിനിസ്ട്രേറ്റർ നേരിട്ട് വി. കുർബാനയ്ക്കുള്ള തിരുവസ്ത്രങ്ങളണിഞ്ഞ് അവരുടെ മുമ്പിലെത്തി ബലിയർപ്പണം നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ടിട്ടും അവർ ആ ബലിയർപ്പണം തുടർന്നു എന്നുമാത്രമല്ല, അതിനുശേഷവും പതിനാറോളം മണിക്കൂർ നേരത്തോളം റിലേ കുർബാന തുടർന്നു; 5) ഒരു വൈദികന് ഒരു ദിവസം ഒരു കുർബാന അർപ്പിക്കുവാനേ അവകാശമുള്ളൂ എന്നിരിക്കെ, പതിനാറ് മണിക്കൂറിനുള്ളിൽ പലയാവർത്തി, ആ വിമതവൈദികർ ആ അൾത്താരയിൽ തുടർച്ചയായി ബലിയർപ്പിച്ചു; 6) പള്ളിയിൽ നടന്നുകൊണ്ടിരുന്ന ആക്രോശങ്ങൾക്കും ബഹളങ്ങൾക്കുമിടയിൽ, യാതൊരു അജപാലന ആവശ്യവുമില്ലാതിരുന്നിട്ടും അവർ ആവർത്തിച്ച് ബലിയർപ്പിക്കുന്നതുപോലെ അൾത്താരയിൽ തുടർന്നത് വിശുദ്ധ കുർബാനയോടുള്ള ആദരവുകൊണ്ടോ ഭക്തികൊണ്ടോ ആണെന്ന് വിശ്വസിക്കുവാൻ സാധിക്കുകയില്ല; 7) വി. കുർബാനയോടുള്ള ആദരവുകൊണ്ടോ ഭക്തികൊണ്ടോ ആയിരുന്നു അവർ തുടർച്ചയായി ബലിയർപ്പിച്ചിരുന്നതെങ്കിൽ, അതിന് അവർക്ക് അധികാരമുള്ള സ്വന്തം പള്ളികളിൽപോയി ബലിയർപ്പിക്കാമായിരുന്നു; 8) അവരെ ബസലിക്കായിൽനിന്നും പുറത്താക്കുവാൻ ബസലിക്കാ അഡ്മിനിസ്ട്രേറ്റർ വിളിച്ചുവരുത്തിയ പോലീസ്, ഈ സമയമെല്ലാം പള്ളിയിലുണ്ടായിരുന്നു. അവർ ബലിയർപ്പിച്ചുകൊണ്ടിരുന്ന സമയം പോലീസ് അവരെ തൊടുകയില്ലെന്നും ബസലിക്കായിൽനിന്നും ബലമായി പുറത്താക്കുകയില്ലെന്നും അവർക്കറിയാമായിരുന്നു. എന്നാൽ, അവർ ബലിയർപ്പണം നിർത്തി മദ്ബഹയിൽനിന്ന് ഇറങ്ങുന്ന നിമിഷത്തിൽ നിയമപാലകരായ പോലീസ് അവരെ, ബസലിക്ക അഡ്മിനിസ്ട്രേറ്ററുടെ അഭ്യർത്ഥന മാനിച്ച്, പുറത്താക്കുമെന്നവർ ഭയപ്പെട്ടു. അങ്ങനെയവരെ പുറത്താക്കിയാൽ തുടർന്ന് ബസലിക്ക അഡ്മിനിസ്ട്രേറ്റർ ബസലിക്കായിൽ നിയമാനുസൃതമായ വി. കുർബാനയർപ്പണം നടത്തുമെന്നും അവർ ന്യായമായും ഭയന്നു. അതിനാൽ പോലീസ് തങ്ങളെ ബസലിക്കായിൽനിന്ന് പുറത്താക്കാതിരിക്കുവാനാണ് അവർ കപടമായി ബലിയർപ്പിക്കുന്നതായി ഭാവിച്ചത്. പ്രഥമദൃഷ്ട്യാ അനുമാനിക്കാവുന്ന ഈ എട്ട് കാരണങ്ങൾ മതി, 2022 ഡിസംബർ 23, 24 തീയതികളിൽ എറണാകുളം കത്തീഡ്രൽ ബസലിക്കായിൽ അതിക്രമിച്ചുകയറി പതിനാറ് മണിക്കൂറോളം തുടർച്ചയായി ബലിയർപ്പിച്ച മുപ്പതോളം വൈദികർക്കെതിരെ 1443-ാം കാനോനയനുസരിച്ചുള്ള 'കപടമായ ബലിയർപ്പണം' എന്ന കുറ്റത്തിന് പ്രാഥമിക അന്വേഷണം പ്രഖ്യാപിക്കുവാനും അവരെ 1473-ാം കാനോന പ്രകാരം അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യുവാനും. ഇത് ചെയ്യുവാനുള്ള ഉത്തരവാദിത്വം അതിരൂപത ഭരണാധികാരിയായ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർക്ക് ആണുതാനും.

1414-ാം കാനോനയുടെ രണ്ടാം ഖണ്ഡിക ഇങ്ങനെ പ്രഖ്യാപിക്കുന്നു: "ഒരു ശിക്ഷാനിയമത്തിന്റെയോ ശിക്ഷ നൽകുന്ന വ്യക്തിഗതമായ പ്രമാണത്തിന്റെയോ ബാഹ്യലംഘനം ഒരിക്കൽ സംഭവിച്ചുകഴിഞ്ഞാൽ മറിച്ച് തെളിയിക്കപ്പെടുന്നതുവരെ ഈ ലംഘനം മനഃപൂർവമുള്ള ഒരു പ്രവൃത്തിയായി കണക്കാക്കപ്പെടുന്നു." വളരെയധികം ശ്രദ്ധേയമാണ് ഈ നിയമം. തെറ്റുകാരനാണെന്ന് തെളിയിക്കപ്പെടുന്നതുവരെ ഒരാളെ നിരപരാധിയായി കണക്കാക്കേണ്ടതാണ്. എന്നാൽ, ശിക്ഷാനിയമത്തിന്റെ ബാഹ്യലംഘനം തെളിയിച്ചുകഴിഞ്ഞാൽ പിന്നെ കുറ്റാരോപിതൻ തന്റെ നിരപരാധിത്വം തെളിയിക്കുന്നില്ലെങ്കിൽ, അയാളുടെ ബാഹ്യലംഘനം മനഃപൂർവായി കരുതാം എന്നതാണ് ഈ കാനോന വ്യക്തമാക്കുന്നത്.

### *1.2.6. വി. കുർബാനയ്ക്കെതിരായ ഏറ്റവും ഗൗവതരമായ കുറ്റങ്ങൾ*

2001-ൽ വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ വിളംബരം ചെയ്ത് നടപ്പിൽ വരുത്തിയ "സാക്രമെന്തോരും സാങ്തിത്താത്തിസ് തൂത്തേല" (Sacramentorum Sanctitatis Tutela) എന്ന നിയമസംഹിത (Motu Proprio) അനുസരിച്ച് വി. ബലിയർപ്പണം സംബന്ധിയായ മിക്ക കുറ്റങ്ങളും "വളരെ ഗൗരവമായ കുറ്റങ്ങൾ" (More Grave Delicts) എന്ന വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അവയെപ്പറ്റി, ആ നിയമസംഹിതയിലെ മൂന്നാമത്തെ ആർട്ടിക്കിളിലാണ് പ്രതിപാദിച്ചിരിക്കുന്നത്. ആ ആർട്ടിക്കിളിന്റെ ഒന്നാം ഖണ്ഡികയുടെ മൂന്നാം നമ്പരനുസരിച്ച് വി. കുർബാനയുടെ കപടമായ അർപ്പണം (simula-

tion) ഈ വിഭാഗത്തിൽ വരുന്ന കുറ്റമാണ്. ഈ ആർട്ടിക്കിളിന്റെ രണ്ടാം ഖണ്ഡികയനുസരിച്ച് "ദൈവ നിന്ദയ്ക്കായി, വി. കുർബാനയർപ്പണത്തിലോ അതിന് വെളിയിലോ അപ്പമോ വീഞ്ഞോ കൂദാശ ചെയ്യുന്നതും ഇതിലേതെങ്കിലും ഒന്നുതന്നെ കൂദാശ ചെയ്യുന്നതും" (the consecration for sacrilegious purpose of one matter or outside of the eucharistic celebration). ഇങ്ങനെയുള്ള കുറ്റങ്ങൾ വത്തിക്കാനിലെ വിശ്വാസ കാര്യാലയത്തിന് മാത്രമേ കൈകാര്യം ചെയ്യാനാവൂ (reserved to the Dicastery for the Doctrine of the Faith). ഇങ്ങനെയുള്ള കുറ്റങ്ങൾക്ക് വൈദികാന്തസ്സിൽനിന്നുള്ള പിരിച്ചുവിടൽ ഉൾപ്പെടയുള്ള ശിക്ഷകളാണ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. ഇവിടെ പറഞ്ഞിരിക്കുന്ന ഏതെങ്കിലും കുറ്റം ആരെങ്കിലും ചെയ്തതായുള്ള വിവരമോ ആരോപണമോ ലഭിക്കുമ്പോൾ രൂപതാ മെത്രാൻ അഥവാ സന്യസ്ത വൈദികന്റെ മേജർ സുപ്പീരിയർ, 1468 മുതൽ 1470 വരെയുള്ള കാനോനകൾ അനുശാസിക്കുന്ന പ്രാഥമിക അന്വേഷണം നടത്തി, ഉതപ്പ് തടയുവാനായി കുറ്റാരോപിതരെ അന്വേഷണവിധേയമായി 1473-ാം വകുപ്പനുസരിച്ച് സസ്പെൻഡ് ചെയ്തശേഷം തൽസംബന്ധിയായ ഫയൽ സുചിന്തിതമായ അഭിപ്രായ (considered opinion) ത്തോടുകൂടി വിശ്വാസകാര്യാലയത്തിന് സമർപ്പിക്കുകയും ശേഷം ആ കാര്യാലയത്തിന്റെ നിർദ്ദേശമനുസരിച്ച് പ്രവർത്തിക്കുകയുമാണ് വേണ്ടത്.

വിശ്വാസകാര്യാലയത്തിന്റെ അധികാരത്തിൽപ്പെടുന്ന കുറ്റം ചെയ്യപ്പെട്ടതായ ആരോപണമുണ്ടായാൽ സ്ഥലമേലദ്ധ്യക്ഷന് ആ കേസ് ഒതുക്കിത്തീർക്കാനാവില്ല. കുറ്റം ചെയ്തിട്ടില്ല എന്നതാണ് പ്രാഥമിക അന്വേഷണത്തിന്റെ നിഗമനമെങ്കിൽക്കൂടി, തൽസംബന്ധിയായ ഫയൽ വിശ്വാസതിരുസംഘത്തിന് സമർപ്പിക്കേണ്ടതാണ്. അതിൽ പരാജയപ്പെടുന്ന അധികാരികളെ 1464-ാം കാനോനയനുസരിച്ച് അധികാര ദുർവിനിയോഗത്തിനോ (§1) കുറ്റകരമായ അനാസ്ഥയ്ക്കോ (§2) ശിക്ഷിക്കുവാനും പരിശുദ്ധ സിംഹാസനത്തിന് സാധിക്കും. അതിനാൽത്തന്നെ, ഇങ്ങനെയുള്ള വി. കുർബാനയുടെ അർപ്പണസംബന്ധിയായ കുറ്റങ്ങളെപ്പറ്റിയുള്ള അറിവ് ലഭിക്കുന്ന ഏത് വ്യക്തിക്കും ഈ വിവരം ആവശ്യമായ തെളിവുകളോടുകൂടി വിശ്വാസകാര്യാലയത്തെ നേരിട്ടോ അപ്പസ്തോലിക് നൂൺസിയോവഴിയോ അറിയിക്കുവാൻ അവകാശവുമുണ്ട്.

മുകളിൽ പറഞ്ഞ, വി. കുർബാനയർപ്പണ സംബന്ധിയായ "വളരെ ഗൗരവമായ" കുറ്റങ്ങൾ എറണാകുളം ബസലിക്കായിലെ 2022 ഡിസംബർ 23, 24 തീയതികളിലെ ബലിയർപ്പണ കലാപരിപാടികളുടെ പശ്ചാത്തലത്തിൽ വളരെയധികം പ്രസക്തമാണ്. 2022 ഡിസംബർ 23-ാം തീയതി വൈകുന്നേരം മദ്ബഹയിൽ പ്രവേശിച്ച് ബലിയർപ്പിച്ചുകൊണ്ടിരുന്ന വൈദികരുടെയടുത്ത് അൾത്താരയ്ക്ക് സമീപമെത്തിയ ഒരു അത്മായസഹോദരി പറഞ്ഞതായി കേട്ട ഒരു കാര്യം, അപ്പോൾ അൾത്താരയിലിരുന്ന കാസയിൽ വീഞ്ഞോ തിരുരക്തമോ അല്ല കണ്ടത്, പ്രത്യുത, രണ്ടായി ഒടിച്ചിട്ടിരുന്ന ഒരു വലിയ ഓസ്തിയാണ് എന്നതാണ്. അത് ശരിയാണെങ്കിൽ, ഓസ്തി തന്നെ, വീഞ്ഞുകൂടാതെ കൂദാശ ചെയ്ത വളരെ ഗൗരവതരമായ കുറ്റം അവിടെ സംഭവിച്ചിട്ടുണ്ട്. ഏതായാലും, തെളിയിക്കപ്പെട്ടിട്ടുള്ള ഒരു വസ്തുത, പ്രസ്തുത പുരോഹിതർക്ക് ബസലിക്കായുടെ സങ്കീർത്തിയിൽ നിന്നും ഓസ്തിയും വീഞ്ഞും ബലിയർപ്പിക്കാനായി കിട്ടിയില്ല എന്നതാണ്. അതിനാൽ, അവർക്ക് ബലിയർപ്പിക്കുവാനുള്ള വീഞ്ഞ് എവിടെനിന്ന് കിട്ടിയെന്നതും, അവർ കൂദാശ ചെയ്ത അപ്പവും വീഞ്ഞും വീണ്ടും കൂദാശ ചെയ്യുകയായിരുന്നു എന്ന ആരോപണവും ഗൗരവപൂർവം വിശദമായി അന്വേഷിക്കേണ്ടതാണ്. ബസലിക്കായിൽ അനുവാദമില്ലാതെ അതിക്രമിച്ച് കയറി നിയമവിരുദ്ധമായി ജനാഭിമുഖ കുർബാന ചൊല്ലിയ ഒരു വൈദികൻ 2023 ജനുവരി 15-ാം തീയതിയിലെ പരിഹാരറാലിയുടെ അവസാനത്തിൽ പ്രഖ്യാപിച്ചത് ആക്രോശങ്ങളുടെയും അസഭ്യവർഷങ്ങളുടെയും നടുവിൽ അദ്ദേഹം ബസലിക്കയിലർപ്പിച്ച റിലേ കുർബാനയായിരുന്നു അദ്ദേഹത്തിന്റെ ജീവിതത്തിലെ ഏറ്റവും ഹൃദ്യമായ കുർബാനയർപ്പണമെന്നാണ്. വി. കുർബാനയർപ്പിക്കേണ്ടത് വിശുദ്ധസ്ഥലത്താണ്. വി. കുർബാനയെ അവഹേളിക്കുന്നവരുടെ ഇടയിലായിരിക്കരുത്. അത് വി. കുർബാനയെ അവഹേളിക്കുന്നതിന് അവസരമുണ്ടാക്കിക്കൊടുക്കുന്നതിന് തുല്യമാണ്. അത് ക്രിമിനൽ മനോഭാവമുള്ളവർക്ക് മാത്രം സാധ്യമാകുന്ന കാര്യമാണ്. ശിക്ഷാനടപടിക്രമത്തിൽ (penal procedure), ഒരാളെ കുറ്റവാളിയാണോയെന്ന് തീരുമാനിക്കുന്നതിന് ജഡ്ജി പരിശോധിക്കേണ്ട ഒരു കാര്യം കുറ്റാരോപിതന് കുറ്റകരമായി കാണപ്പെടുന്ന പ്രവൃത്തി ചെയ്യുമ്പോൾ പ്രസ്തുത ക്രിമിനൽ മനോഭാവം (malice or criminal intent) ഉണ്ടായിരുന്നുവോ എന്ന് പരിശോധിക്കലാണ്. Malice എന്ന് പറയുന്നത് നിയമം ലംഘിക്കുവാനുള്ള ഉദ്ദേശ്യമാണ് (Dolus est intentio violandi legem). ബസലിക്കാ പള്ളിയിൽ അതിക്രമിച്ച് കടന്ന്, ബസലിക്കാ അഡ്മിനിസ്ട്രേറ്ററിന്റെ അനുവാദമില്ലാതെ, നിയമവിരുദ്ധമായ ജനാഭിമുഖ കുർബാന ആക്രോശങ്ങളുടെയും അസഭ്യവർഷങ്ങളുടെയും നടുവിൽ അർപ്പിച്ച വൈദികരിൽ പ്രഥമദൃഷ്ട്യാ ഈ ക്രിമിനൽ മനോഭാവം കാണുവാനാകും. അവരിൽ തെറ്റുകാരായി വിധിക്കപ്പെടുന്നവരെ മാതൃകാപരമായി ശിക്ഷിക്കേണ്ടത് അവരുടെതന്നെ മാനസാന്തരത്തിന് ഉതകിയേക്കാം. പൂർണ്ണമനസ്താപം

(perfect contrition) എന്ന് പറയുന്നത് ദൈവത്തെ വേദനിപ്പിച്ചതിലുള്ള വേദനമൂലമുണ്ടാകുന്ന മാനസാന്തരമാണ്. അതില്ലെങ്കിൽ, അപൂർണ്ണമായ മനസ്താപം (imperfect contrition) അതായത്, ശിക്ഷയെപ്പറ്റിയുള്ള ഭയത്തിൽനിന്നുളവാകുന്ന മനസ്താപം, എങ്കിലും കുറ്റം ചെയ്തവരുടെ ആത്മീയോൽക്കർഷത്തിനാവശ്യമാണ് എന്ന് സന്മാർഗ്ഗ ദൈവശാസ്ത്രം (moral theology) പഠിപ്പിക്കുന്നു. A stitch in time saves nine എന്ന ചൊല്ല് ഇക്കാര്യത്തിൽ ബന്ധപ്പെട്ട അധികാരികൾ ഓർക്കേണ്ടതുമാണ്.

### *1.2.7. മേലദ്ധ്യക്ഷന്റെ കല്പന അനുസരിക്കാതിരിക്കുക*

1446-ാം കാനോന ഇങ്ങനെ അനുശാസിക്കുന്നു: "തന്റെതന്നെ മേലദ്ധ്യക്ഷൻ നിയമാനുസൃതം പുറപ്പെടുവിക്കുന്ന കല്പനയോ നിരോധനമോ അനുസരിക്കാതിരിക്കുകയും, ശാസനയ്ക്ക് ശേഷവും അനുസരണമില്ലായ്മയിൽ തുടരുകയും ചെയ്യുന്ന ഒരു വ്യക്തി കുറ്റവാസനയുള്ളവൻ (delinquent) എന്ന നിലയിൽ അനുയോജ്യമായി ശിക്ഷിക്കപ്പെടേണ്ടതാണ്." അനുസരണക്കേട് അതിൽത്തന്നെ തെറ്റാണെങ്കിലും അത് ശിക്ഷാർഹമായ കുറ്റമായിത്തീരുന്നത്, അനുസരണമില്ലായ്മയ്ക്കുള്ള ശാസന (warning) യ്ക്ക് ശേഷവും അനുസരണക്കേടിൽ തുടരുമ്പോഴാണ് (persistence in disobedience after one has been warned). ഇങ്ങനെയുള്ള ശാസന 1514-ാം കാനോനയിൽ പറഞ്ഞിരിക്കുന്നതുപോലെ എഴുതി നൽകുന്നതാണ് സാധാരണ രീതി. എന്നാൽ, വാക്കാലാണ് ഈ മുന്നറിയിപ്പ് നൽകുന്നതെങ്കിൽ അത് 1520-ാം കാനോനയുടെ രണ്ടാം ഖണ്ഡികപ്രകാരം രേഖപ്പെടുത്തേണ്ടുമാണ്.

ഒരിടവക വികാരിയുടെ മേലദ്ധ്യക്ഷന്മാരുടെ ഗണത്തിൽ വരുന്നവരാണ് ആ രൂപതയുടെ മെത്രാൻ, മേജർ ആർച്ച് ബിഷപ്പ്, പരിശുദ്ധ സിംഹാസനം, മാർപ്പാപ്പ എന്നിവർ. ഇവരിലാരുടെയെങ്കിലും കൽപ്പനയോ, നിരോധനമോ അനുസരിക്കാതിരിക്കുന്നവർക്ക് ശിക്ഷാനടപടിയുണ്ടാകുമെന്നുള്ള മുന്നറിയിപ്പ് (penal warning) നൽകിയശേഷവും അവർ അനുസരണക്കേട് ആവർത്തിച്ചാൽ അവരെ ശിക്ഷാനടപടികൾക്ക് വിധേയമാക്കേണ്ടതാണ്. എറണാകുളം-അങ്കമാലി അതിരൂപതയിൽ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററിന്റെ ഉത്തരവ് ലംഘിച്ച് സർക്കുലർ വായിക്കാതിരുന്ന, വായിക്കുവാൻ നൈയ്യാമികമായി കടപ്പെട്ട എല്ലാ വൈദികർക്കും ഇത്തരത്തിലുള്ള ശിക്ഷാനടപടിയുണ്ടാകുമെന്നുള്ള മുന്നറിയിപ്പ് നൽകുവാൻ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന് സാധിക്കും. അതുപോലെതന്നെ, മാർപ്പാപ്പയുടെയും പരിശുദ്ധ സിംഹാസനത്തിന്റെയും മേജർ ആർച്ച് ബിഷപ്പിന്റെയും സീറോ-മലബാർ സിനഡിന്റെയും അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററിന്റെയും കല്പനയും നിർദ്ദേശവും ലംഘിച്ചുകൊണ്ട് നിയമവിരുദ്ധമായ ജനാഭിമുഖ കുർബാന അർപ്പിക്കുന്ന ഏതൊരു സീറോ-മലബാർ വൈദികനെതിരായും ഈ കാനോനയനുസരിച്ച് penal warning ന് ശേഷം ശിക്ഷാനടപടികൾ എടുക്കുവാനും ബന്ധപ്പെട്ട അധികാരികൾക്ക് സാധിക്കും.

1446-ാം കാനോന "ശിക്ഷിക്കാവുന്നതാണ്" എന്നല്ല അനുശാസിക്കുന്നത്. പ്രത്യുത, "ശിക്ഷിക്കേണ്ടതാണ്" എന്നതാണ്. അതിനാൽത്തന്നെ, ബന്ധപ്പെട്ട അധികാരികൾക്ക് ശിക്ഷാനടപടികൾ ആരംഭിക്കുന്നതിൽനിന്ന് സാമാന്യഗതിയിൽ ഒഴിവില്ല. ഒരു അധികാരി, തന്റെ ഉത്തരവാദിത്വം നിർവഹിക്കാതിരിക്കുയോ അതിൽ അനാവശ്യമായ കാലതാമസം വരുത്തുകയോ ചെയ്താൽ ആ അധികാരിയെ അതിന്റെ മുകളിലുള്ള അധികാരി 1464-ാം കാനോനപ്രകാരം കുറ്റകരമായ അനാസ്ഥയ്ക്ക് ശിക്ഷിക്കുവാനും കടപ്പെട്ടിരിക്കുന്നു. ശിക്ഷയുടെ ലക്ഷ്യം മൂന്നാണ്. 1) കുറ്റം ചെയ്ത വ്യക്തിയുടെ മാനസാന്തരം; 2) ഉതപ്പ് ഉന്മൂലനം ചെയ്യുക (removal of scandal); 3) നീതി വീണ്ടും നടപ്പിലാക്കുക (restoration of justice). ഈ മൂന്ന് കാര്യങ്ങളും സാധിതമായിക്കഴിഞ്ഞാൻ മാത്രമേ "ശിക്ഷിക്കേണ്ടതാണ്" എന്ന് കാനൻ നിയമം അനുശാസിക്കുന്ന ഒരു കുറ്റകൃത്യത്തിലേർപ്പെട്ട വ്യക്തിക്കെതിരെ ശിക്ഷാനടപടികൾ ആരംഭിക്കുവാനുള്ള ഉത്തരവാദിത്വത്തിൽനിന്ന് ബന്ധപ്പെട്ട അധികാരികൾക്ക് ഒഴിഞ്ഞുമാറാനാവൂ (cf. CCEO cc. 1403, 1409).

### *1.2.8. മേലദ്ധ്യക്ഷനെതിരെ ഉപജാപം നടത്തുക; വിദ്വേഷം വളർത്തുക; അധീനരെ അനുസരണക്കേടിന് പ്രേരിപ്പിക്കുക.*

1447-ാം കാനോനയുടെ ഒന്നാം ഖണ്ഡിക ഇങ്ങനെയാണ്: "ഏതെങ്കിലും മേലദ്ധ്യക്ഷനെതിരെയും ഉപജാപം നടത്തുകയോ, വിദ്വേഷം വളർത്തുകയോ, അദ്ദേഹത്തിന്റെ അധീനരെ അനുസരണക്കേടിന് പ്രേരിപ്പിക്കുകയോ ചെയ്തയാൾ - പ്രത്യേകിച്ചും കുറ്റം ചെയ്യപ്പെട്ടത് പാത്രിയാർക്കീസിനോ, റോമാ മാർപ്പാപ്പയ്ക്കുപോലുമോ എതിരെയാണെങ്കിൽ - വലിയ മഹറോൻ ശിക്ഷപോലും ഒഴിവാക്കാതെ തന്നെ അനുയോജ്യമായി ശിക്ഷിക്കപ്പെടേണ്ടതാണ്." ഇവിടെ പാത്രിയാർക്കീസ് എന്ന് പറഞ്ഞിരിക്കുന്നത് 152-ാം കാനോനപ്രകാരം മേജർ ആർച്ച് ബിഷപ്പ് എന്നുകൂടി മനസ്സിലാക്കേണ്ടതാണ്: "കാര്യ

ത്തിന്റെ സ്വഭാവത്തിൽനിന്ന് വ്യക്തമായിരിക്കുകയോ പൊതുനിയമത്തിൽ വ്യക്തമായി മറിച്ച് നിശ്ചയിക്കുകയോ ചെയ്യാതിരുന്നാൽ, പൊതുനിയമത്തിൽ പാത്രിയാർക്കൽ സഭകളെയോ പാത്രിയാർക്കീസുമാരെയോ സംബന്ധിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങൾ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭകളേയും മേജർ ആർച്ച് ബിഷപ്പുമാരെയും സംബന്ധിച്ചും ബാധമാണ്" (CCEO c. 152). ഈ കാനോനപ്രകാരം സീറോ -മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പിനെതിരെ ഉപജാപം നടത്തി കൃത്രിമരേഖ ചമച്ചവർക്കെതിരെയും അദ്ദേഹത്തിനെതിരെ വിദ്വേഷം വളർത്തുന്ന പ്രസ്താവനകളും പ്രസംഗങ്ങളും നടത്തുകയും അദ്ദേഹത്തിനെതിരെ അധീനരെ തിരിക്കുകയും അനുസരണക്കേടിന് പ്രേരിപ്പിക്കുകയും ചെയ്യുന്ന എറണാകുളം വിമതർക്കെതിരെയും ഈ കാനോന അനുസരിച്ചുള്ള ശിക്ഷാനടപടികൾ ആരംഭിക്കുന്നതിന് പകരം അവരെ ചർച്ചകൾക്കായി ക്ഷണിച്ച് ഉയർന്ന പീഠങ്ങളിലിരുത്തി അവർക്ക് അവരർഹിക്കാത്ത അംഗീകാരം കൊടുക്കുന്നത് അപലപനീയമല്ലേ എന്നുള്ള സാധാരണ വിശ്വാസികളുടെ ചോദ്യങ്ങൾ ഉത്തരമില്ലാതെ അലയുമ്പോൾ, അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററിന്റെ കാല് വെട്ടുമെന്നുപോലും പട്ടാപ്പകൽ പരസ്യമായി മീഡിയയുടെ മുന്നിൽവച്ചുപോലും ആക്രോശിച്ച "അത്മായപ്രമുഖൻ" പോലും സിനഡൽ കമ്മീഷനിൽ വിശ്വാസികളുടെ പ്രതിനിധിയായി ചർച്ചയ്ക്കെത്തുമ്പോൾ, ഈ സഭയ്ക്കെന്തുപറ്റിയെന്ന് ചിന്തിച്ചുകൊണ്ട് നിരാശയുടെയും സഹതാപത്തിന്റെയും പുച്ഛത്തിന്റെയുമായുള്ള സമ്മിശ്രഭാവങ്ങളിലേക്ക് വഴുതിവീഴുന്ന വിശ്വാസികൾക്ക് സഭാധികാരികൾ സഭയുടെ ശിക്ഷാനിയമത്തിലും ശിക്ഷാനടപടികളിലും അനുശാസിക്കുന്ന നടപടികൾ ഉദാസീനത മാറ്റി ആരംഭിച്ച് പ്രതീക്ഷ നൽകേണ്ടതാണ്. കാനൻ നിയമത്തിലെ ശിക്ഷാനിയമത്തിന് ആവശ്യമായ മൂർച്ചയുള്ള പല്ലുണ്ട്. പക്ഷേ, ഉപയോഗിക്കേണ്ടവർ അവർ ഏറ്റെടുത്തിരിക്കുന്ന ഉത്തരവാദിത്വത്തെപ്പറ്റി വേണ്ടരീതിയിൽ അവബോധമുള്ളവരായിട്ടുണ്ടോ, അവർ ഉദാസീനത വെടിഞ്ഞ് തങ്ങളുടെ ഉത്തരവാദിത്വം വേണ്ടരീതിയിൽ നിർവഹിക്കുവാൻ ശ്രദ്ധിക്കുന്നുണ്ടോ എന്നുള്ളതാണ് പ്രസക്തമായ ചോദ്യം.

### *1.2.9. ഉത്തരവാദിത്വനിർവഹണം തടസ്സപ്പെടുത്തുന്നവർ*

1447-ാം കാനോനയുടെ രണ്ടാം ഖണ്ഡികയിൽ നാം ഇങ്ങനെ വായിക്കുന്നു: "ശുശ്രൂഷയുടെയോ, തിരഞ്ഞെടുപ്പിന്റെയോ, സഭാപരമായ അധികാരത്തിന്റെയോ സ്വാതന്ത്ര്യമോ, സഭയുടെ ഭൗതികവസ്തുക്കളുടെ നിയമാനുസൃത ഉപയോഗമോ തടസ്സപ്പെടുത്തുകയോ, സമ്മതിദായകനെയോ അധികാരമോ ശുശ്രൂഷയോ വിനിയോഗിക്കുന്ന ഒരുവനെയോ ഭീഷണിപ്പെടുത്തുകയോ ചെയ്യുന്ന വ്യക്തി അനുയോജ്യമായി ശിക്ഷിക്കപ്പെടേണ്ടതാണ്." എറണാകുളം വിമതർ പലയാവർത്തി ചെയ്തതും ചെയ്തുകൊണ്ടിരിക്കുന്നതുമായ കുറ്റങ്ങളാണ് അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററെയും ബസലിക്കാപള്ളി അഡ്മിനിസ്ട്രേറ്ററെയും ഭീഷണിപ്പെടുത്തുക, അവർ ഏറ്റെടുത്തിരിക്കുന്ന ദൗത്യനിർവഹണത്തിൽ അവരെ തടയുക എന്നിങ്ങനെയുള്ളത്. 2022 ഡിസംബർ 23, 24 തീയതികളിലെ റിലേ കുർബാനപോലും ബസലിക്കാ അഡ്മിനിസ്ട്രേറ്ററിനെ അദ്ദേഹത്തിന്റെ അവകാശവും ഉത്തരവാദിത്വവുമായ നൈയ്യാമിക ബലിയർപ്പണത്തിൽനിന്നും തടസ്സപ്പെടുത്തുവാനായിരുന്നുവെന്ന് പകൽപോലെ വ്യക്തം. 1447-ാം കാനോനയുടെ രണ്ട് ഖണ്ഡികകളിലും നിയമാനുസൃതായ മുന്നറിയപ്പ് (canonical warning) നൽകിയശേഷമേ ശിക്ഷിക്കാവൂ എന്ന നിബന്ധനയില്ലായെന്നതും പ്രത്യേകം പ്രസ്താവ്യമാണ്. അതിനാൽത്തന്നെ, ഇത്തരത്തിലുള്ള ഒരു കുറ്റം സംഭവിച്ചാൽ, കുറ്റത്തിന്റെ ഗൗരവമനുസരിച്ച് ആദ്യത്തെ കുറ്റത്തിനുതന്നെ ശിക്ഷിക്കാവുന്നതാണ്. അത്മായരെ സംബന്ധിച്ചിടത്തോളം പരസ്യശാസയും ചെറിയ മഹറോൻ ശിക്ഷയും വൈദികരെ സംബന്ധിച്ചിടത്തോളം അന്വേഷണവിധേയമായ സസ്പെൻഷനുശേഷം കുറ്റത്തിന്റെ ഗൗരവമനുസരിച്ചുള്ള ഏത് ശിക്ഷയും - വൈദികവൃത്തിയിൽനിന്നുള്ള പിരിച്ചുവിടൽ അല്ലാത്തവ - ഈ കുറ്റത്തിനുള്ള ശിക്ഷയായി നൽകുവാനാകും.

### *1.2.10. ശാരീരിക, മാനസിക പീഡനം*

1451-ാം കാനോന ഇങ്ങനെ വ്യക്തമാക്കുന്നു: "ഒരു വ്യക്തിയെ തട്ടിക്കൊണ്ട് പോവുകയോ അന്യായമായി തടഞ്ഞുവയ്ക്കുകയോ, ഗുരുതരമായി പരിക്കേല്പിക്കുകയോ, അംഗഭംഗം വരുത്തുകയോ, ശാരീകമോ മാനസികമോ ആയ പീഡനം ഏല്പിക്കുകയോ ചെയ്യുന്നയാൾ വലിയ മഹറോൻ ശിക്ഷപോലും ഒഴിവാക്കാതെതന്നെ അനുയോജ്യമായി ശിക്ഷിക്കപ്പെടേണ്ടതാണ്." എറണാകുളം വിമതരുടെ ഏറ്റവും ഇഷ്ടപ്പെട്ട ഒരായുധമാണ് അവർ പറഞ്ഞതനുസരിച്ച് അവരുടെ കൂടെ നിൽക്കാത്തവരെ മാനസികമായി പീഡിപ്പിക്കുകയെന്നത്. ഇത് ശിക്ഷാർഹമായ ഒരു കുറ്റമാണെന്ന് പൗരസ്ത്യ കാനൻ നിയമം അർത്ഥശങ്കയ്ക്കിടം നൽകാത്തരീതിയിൽ വ്യക്തമാക്കുന്നു.

### *1.2.11. ഏഷണികൊണ്ടുള്ള അപഖ്യാതി*

1452-ാം കാനോന ഇങ്ങനെ നിർദ്ദേശിക്കുന്നു: "മറ്റൊരാൾക്ക് ഗുരുതരമായ ഉപദ്രവം ഏൽപ്പിക്കുകയോ ഏഷണികൊണ്ട് മറ്റൊരാളുടെ സൽപ്പേരിന് കളങ്കം വരുത്തുകയോ ചെയ്തിരിക്കുന്ന ആരെയും ഉചിത

മായ പരിഹാരം ചെയ്യുവാൻ നിർബന്ധിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള ഒരു വ്യക്തി വിസമ്മതിക്കുകയാണെങ്കിൽ അയാളെ ചെറിയ മഹറോൻ ശിക്ഷയാലോ, സസ്പെൻഷനാലോ ശിക്ഷിക്കേണ്ടതാണ്." ഒരാളെ സംബന്ധിച്ചുള്ള വസ്തുത സത്യസന്ധമായി പറയുന്നത് ഏഷണിയല്ല. എന്നാൽ, തെളിവുകളുടെ അടിസ്ഥാനത്തിൽ വസ്തുതയായി കോടതിവിധി വന്നിട്ടില്ലാത്ത കാര്യങ്ങൾ വെറും ആരോപണങ്ങൾ മാത്രമാണ്. അങ്ങനെയുള്ള ആരോപണങ്ങൾ ഒരു വ്യക്തിക്കെതിരായി ഉന്നയിച്ചാൽ, അത് തെളിയിക്കുവാൻ ആരോപണമുന്നയിച്ചയാൾക്ക് ഉത്തരവാദിത്വമുണ്ട്. അത് തെളിയിക്കുന്നതിൽ പരാജയപ്പെട്ടാൽ, അയാൾ ഏഷണിമൂലം മറ്റൊരാളുടെ സൽപ്പേര് നശിപ്പിച്ചുവെന്ന കുറ്റത്തിന് ശിക്ഷിക്കപ്പെടാവുന്നതാണ്. സ്ഥലവില്പനയുടെ പേരിൽ മേജർ ആർച്ച് ബിഷപ്പ് നിയമവിരുദ്ധമായി ഒന്നും ചെയ്തിട്ടില്ലായെന്ന് പോലീസ് അന്വേഷണത്തിൽ തെളിഞ്ഞിട്ടും ആ റിപ്പോർട്ട് സുപ്രീം കോടതിയിലുൾപ്പെടെ സമർപ്പിക്കപ്പെട്ട് കഴിഞ്ഞിട്ടും അതുപോലെതന്നെ സ്ഥലവില്പനയിലെ നഷ്ടം നികത്തേണ്ടത് മേജർ ആർച്ച് ബിഷപ്പല്ലായെന്ന് പരിശുദ്ധ സിംഹാസനം വിധി പ്രഖ്യാപിച്ച് കഴിഞ്ഞിട്ടും വീണ്ടും ആവർത്തിച്ചാവർത്തിച്ച് ആലഞ്ചേരി പിതാവിനെ ഏഷണികൊണ്ട് തകർക്കുവാൻ ശ്രമിക്കുന്നവർ ഈ കുറ്റമാണ് ചെയ്തുകൊണ്ടിരിക്കുന്നതെന്ന് വ്യക്തം.

### *1.2.12. കുറ്റകരമായ അനാസ്ഥ*

1464-ാം കാനോനയുടെ രണ്ടാം ഖണ്ഡിക ഇങ്ങനെ പ്രഖ്യാപിക്കുന്നു: "മറ്റൊരാൾക്ക് ദ്രോഹം വരുത്തിക്കൊണ്ട്, കുറ്റകരമായ അനാസ്ഥമൂലം സഭയിലെ ഒരധികാരമോ ശുശ്രൂഷയോ മറ്റ് ചുമതലയോ സംബന്ധിച്ച ഒരു പ്രവൃത്തി നിയമവിരുദ്ധമായി ചെയ്യുകയോ ഉപേക്ഷിക്കുകയോ ചെയ്യുന്ന ഒരു വ്യക്തി അനുയോജ്യമായി ശിക്ഷിക്കപ്പെടേണ്ടതാണ്." ബെനഡിക്ട് 16-ാമൻ മാർപ്പാപ്പ ആവർത്തിച്ചാവർത്തിച്ച് പഠിപ്പിച്ചിരുന്ന ഒരു കാര്യമാണ് അസ്ഥാനത്തുള്ള അനുകമ്പ (misplaced compassion) ഗുണത്തേക്കാളേറെ ദൂഷ്യമായിരിക്കും കത്തോലിക്കാസഭയ്ക്ക് ചെയ്യുന്നത് എന്ന്. അതിനാൽത്തന്നെ, ഓരോ അധികാരിയും കർത്താവിന്റെ മനോഭാവം മനസ്സിലാക്കിക്കൊണ്ടും സഭയുടെ ശിക്ഷാനിയമവും ശിക്ഷാനടപടിക്രമവും വെറും അലങ്കാരത്തിനുള്ളതല്ല, പ്രത്യുത, ആത്മാക്കളുടെ രക്ഷയ്ക്കായി ഉപയോഗിക്കുവാനുള്ളതാണ് എന്ന് മനസ്സിലാക്കിക്കൊണ്ടും പ്രവർത്തിച്ചില്ലെങ്കിൽ അവരുടെ കുറ്റകരമായ അനാസ്ഥയും ശിക്ഷാർഹമായ, ശിക്ഷിക്കേണ്ട കുറ്റമായി മാറും. സഭാഗാത്രത്തെ കാർന്നുതിന്നുന്ന ചില കാൻസറുകളെ ചേർത്തുപിടിക്കുകയല്ല വേണ്ടത്, പ്രത്യുത, മുറിച്ചുമാറ്റുകയോ കരിച്ചുകളയുകയോ ആണ് വേണ്ടത് - ചികിത്സിച്ച് സുഖപ്പെടുത്തുവാനാകുന്നില്ലെങ്കിൽ. ഇത് ഈ ലേഖകന്റെ മാത്രം അഭിപ്രായമല്ല; പ്രത്യുത, കർത്താവിന്റെയും (മത്താ 18:15-17) വിശുദ്ധ പൗലോസിന്റെയും അതുപോലെ "ഡിഡാക്കേ", "ഡിഡസ്കാലിയ" തുടങ്ങിയ ഗ്രന്ഥകർത്താക്കളുടെയും സഭ ഇന്നുവരെ തുടർച്ചയായി പഠിപ്പിച്ചും അനുവർത്തിച്ചും കൊണ്ടിരിക്കുന്ന നിയമസംഹിതകളുടെയും വ്യക്തമായ കാഴ്ചപ്പാടാണ്. സഭയോടൊത്ത് ചിന്തിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നവരാണ് സഭാതനയർ (sentire cum Ecclesia). നിയമവാഴ്ച തകർക്കുവാൻ ശ്രമിക്കുന്ന, ശിഥിലീകരണ പ്രക്രിയകൾക്ക് ആക്കം കൂട്ടാൻ ശ്രമിക്കുന്ന ശക്തികൾക്കെതിരെ അച്ചടക്കത്തിന്റെ വാൾ എടുക്കുവാൻ വേണ്ടപ്പെട്ട അധികാരികൾ അനാസ്ഥ കാണിച്ചാൽ അത് കുറ്റകരംതന്നെ.

## 2. ശിക്ഷകൾ ചുമത്തുന്നതിനുള്ള നടപടിക്രമം (penal procedure)

നമ്മുടെ നാട്ടിൽ കണ്ടുവരുന്ന തെറ്റായ, അപകടകരമായ പ്രവണതകളിൽ ഒന്ന് കർത്താവിന്റെ സ്നേഹത്തിന്റെയും അനുകമ്പയുടെയും പേരുപറഞ്ഞ് സഭാഗാത്രത്തെ ഗൗരവമായി മുറിവേല്പിച്ചുകൊണ്ടിരിക്കുന്ന കുറ്റവാളികളെപ്പോലും ശിക്ഷിക്കാതിരിക്കുന്നതാണെങ്കിൽ അതുപോലെതന്നെ തെറ്റായ മറ്റൊരു പ്രവണതയാണ് തങ്ങൾക്കിഷ്ടമില്ലാത്തവരെ ഒതുക്കി ഇല്ലാതാക്കുവാനായി തങ്ങളുടെ പിണിയാളുകളെക്കൊണ്ട് അവർക്കെതിരായി അടിസ്ഥാനമില്ലാത്ത ആരോപണങ്ങൾ ഉന്നയിപ്പിക്കുകയും ആ ആരോപണങ്ങൾ കേട്ടുകഴിയുമ്പോൾത്തന്നെ, യാതൊരു നടപടിക്രമങ്ങളും പാലിക്കാതെ, അവരെ ശിക്ഷിക്കുകയോ, അഥവാ ശിക്ഷയെന്ന വാക്കുപോലും ഉപയോഗിക്കാതെ ജോലിയിൽനിന്നും മാറ്റി നിർത്തുകയും ആൾ തെറ്റുകാരനാണെന്ന് വിധിക്കപ്പെടുകയും ലേബൽ ചെയ്യപ്പെടുകയും ചെയ്യുക എന്നുള്ളത്. "Innocent until proven guilty" എന്നതാണ് കത്തോലിക്കാസഭയിലെ അംഗീകരിച്ചിട്ടുള്ള നിയമതത്വം (legal maxim). അതായത്, ഒരാൾ തെറ്റുകാരനാണെന്ന് തെളിയുന്നതുവരെ അയാളെ നിരപരാധിയായി കരുതണമെന്നർത്ഥം. ക്രിമിനൽ വിചാരണയുടെ ഒന്നാം ഭാഗമായ പ്രാഥമിക അന്വേഷണം (CCEO cc. 1468-1470) ഒരു ഡിക്രിമൂലം ആരംഭിക്കാതെ "അന്വേഷണവിധേയമായ സസ്പെൻഷൻ" കുറ്റാരോപിതന് നല്കുവാൻപോലും ലത്തീൻ, പൗരസ്ത്യകാനൻ നിയമത്തിലെ "ശിക്ഷകൾ ചുമത്തുന്നതിനുള്ള നടപടിക്രമം" സഭാധികാരികൾക്ക് അനുവാദം നൽകുന്നില്ല. ശിക്ഷകൾ ചുമത്തുന്നതിനുള്ള നടപടി

ക്രമം പൗരസ്ത്യ കാനൻ നിയമത്തിൽ 28–ാം ശീർഷകത്തിലാണ് കൊടുത്തിരിക്കുന്നത്. അതിന്റെ ഒന്നാം ഭാഗമാണ് ' പ്രാഥമിക അന്വേഷണം.' പ്രാഥമിക അന്വേഷണത്തെപ്പറ്റി 1468–ാം കാനോനയുടെ ഒന്നും രണ്ടും ഖണ്ഡികകൾ ഇങ്ങനെ നിഷ്കർഷിക്കുന്നു: "ഒരു കുറ്റത്തെക്കുറിച്ചുള്ള അറിവ് മേലദ്ധ്യക്ഷന് കിട്ടുമ്പോൾ, ഈ അറിവ് സത്യമാണെന്ന് തോന്നുകയെങ്കിലുമാണെങ്കിൽ അദ്ദേഹം വ്യക്തിപരമായോ അനുയോജ്യനായ മറ്റൊരു വ്യക്തിയിലൂടെയോ – ഈ അന്വേഷണം പൂർണ്ണമായും ഉപരിപ്ലവമായിരിക്കുമെന്ന് കരുതാത്തപക്ഷം – വസ്തുക്കളെയും സാഹചര്യങ്ങളെയുംകുറിച്ച് അന്വേഷിക്കണം. ഈ അന്വേഷണത്താൽ ആരുടെയും സൽപ്പേരിന് കളങ്കമുണ്ടാക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്." പ്രാഥമിക അന്വേഷണത്തിനുള്ള ഉത്തരവ് ഒരു ഡിക്രിവഴിയിട്ട് ആ ഡിക്രിയുടെ കോപ്പി കുറ്റാരോപിതന് നൽകിക്കൊണ്ടാണ് ഈ പ്രാഥമിക അന്വേഷണം ആരംഭിക്കേണ്ടത്. ഈ ഡിക്രിയിൽ എന്ത് കുറ്റാരോപണമാണ് അന്വേഷിക്കേണ്ടത്, കുറ്റാരോപിതൻ/ർ ആരൊക്കെയാണ്, എന്നുതുടങ്ങി അന്വേഷകന്റെ പേര്, നോട്ടറി, നീതിസംരക്ഷകൻ എന്നിങ്ങനെ ഈ പ്രാഥമിക അന്വേഷണ സംഘത്തിലുള്ളവരുടെ പേരും ആ സംഘം എത്രകാലത്തിനിടയിൽ അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്നതും ഉൾപ്പെടുത്തിയിരിക്കണം. ഇതിനെപ്പറ്റി 1469–ാം കാനോനയുടെ മൂന്നാം ഖണ്ഡിക ഇങ്ങനെ നിർദ്ദേശിക്കുന്നു: "ശിക്ഷ ചുമത്തുന്ന കാര്യത്തിൽ താനെന്തെങ്കിലും തീരുമാനിക്കുന്നതിന് മുൻപ് കുറ്റാരോപിതനായ വ്യക്തിയെയും നീതിസംരക്ഷകനെയും വിവേകപൂർകമെന്ന് അദ്ദേഹം കരുതുകയാണെങ്കിൽ രണ്ട് ന്യായാധിപന്മാരെയോ നിയമത്തിൽ വിദഗ്ദ്ധരായ മറ്റുള്ളവരെയുമോ, മേലദ്ധ്യക്ഷൻ ശ്രവിക്കേണ്ടതാണ്." അവരുടെയൊക്കെ സുചിന്തിതമായ അഭിപ്രായങ്ങളുടെ വെളിച്ചത്തിൽ ഒരു ഡിക്രിയിലൂടെ വേണം മേലധികാരി ഈ പ്രാഥമിക അന്വേഷണമാകുന്ന ഒന്നാം ഘട്ടം ഉപസംഹരിക്കേണ്ടത്. പ്രാഥമിക അന്വേഷണഘട്ടം അങ്ങനെ മേലധികാരിയുടെ ഡിക്രിയിലൂടെ ആരംഭിക്കുകയും ഡിക്രിയിലൂടെ അവസാനിക്കുകയും ചെയ്യേണ്ടതാണ്. സാധാരണഗതിയിൽ അത് മൂന്ന് മാസക്കാലാവധിയിൽ നടക്കേണ്ടതുമാണ്. ഈ പ്രാഥമിക അന്വേഷണം കുറ്റാരോപിതനെ ശിക്ഷിക്കുവാനുള്ളതല്ല, പ്രത്യുത, കോടതി വിചാരണ എന്ന കടുത്ത ഘട്ടത്തിലേക്ക് കടക്കണമോ, അതെയോ, കോടതി നടപടിക്രമത്തിലേക്ക് കടക്കാതെ മേലദ്ധ്യക്ഷൻ നേരിട്ട് തെളിവുകൾ ശേഖരിച്ച് കുറ്റാരോപിതനെ കേട്ട് അയാൾക്ക് സ്വയം പ്രതിരോധ (self defence) ത്തിനുള്ള അവസരം കൊടുത്തശേഷം നേരിട്ട് ശിക്ഷിക്കുന്ന penal administrative process (CCEO cc. 1486-1487) വേണമോ അതെയോ, ആരോപിക്കപ്പെടുന്ന തെറ്റ് ചെയ്തതായിയാതൊരു തെളിവുകളുമില്ലാത്തതിനാൽ ഇത് സംബന്ധിയായ എല്ലാ നടപടിക്രമങ്ങളും അവസാനിപ്പിച്ച് ഇത് സംബന്ധിയായ ഫയൽ ആർക്കൈവ് (archive) ചെയ്യണമോ എന്ന് തിരുമാനിക്കുവാനുള്ളതാണ്. ഇക്കാര്യങ്ങൾ പ്രാഥമിക അന്വേഷണം ഉപസംഹരിക്കുന്ന ഡിക്രിയിൽ ചേർക്കേണ്ടതാണ്. ആരോപിച്ച കുറ്റം ഗൗരവമേറിയതും ചെയ്തിരിക്കുവാൻ സാദ്ധ്യതയുള്ളതുമാണെന്നതാണ് പ്രാഥമിക അന്വേഷണത്തിന്റെ നിഗമനമെങ്കിൽ, മേലദ്ധ്യക്ഷൻ സഭാക്കോടതിയിൽ ഇത് സംബന്ധിച്ച് പെറ്റീഷൻ ഫയൽ ചെയ്യുവാൻ നീതിസംരക്ഷകനോട് ഡിക്രിയിലൂടെ നിർദ്ദേശിക്കേണ്ടതാണ്. എന്നാൽ, പ്രാഥമിക അന്വേഷണം ഉപരിപ്ലവമാണെന്ന് കാണുന്നപക്ഷം, ബന്ധപ്പെട്ട മേലധികാരിക്ക് പ്രാഥമിക അന്വേഷണം വേണ്ടെന്നുവച്ച് കോടതിയിൽ കേസ് ഫയൽ ചെയ്യുവാൻ നീതിസംരക്ഷകനോട് ആവശ്യപ്പെടുകയോ, അല്ലെങ്കിൽ അതിന് പകരമായി administrative penal process നേരിട്ടോ മറ്റുള്ളവർ വഴിയോ ആരംഭിക്കുവാനും സാധിക്കും. വിശ്വാസകാര്യാലയത്തിന് റിസേർവ് (reserve) ചെയ്തിട്ടുള്ള കുറ്റങ്ങളുടെ കാര്യത്തിൽ പ്രാഥമിക അന്വേഷണം നടത്തി അതിന്റെ ACTA പ്രസ്തുത കാര്യാലയത്തിൽ സമർപ്പിക്കണമെന്ന് Sacramentorum Sanctitatis Tutela 16–ാം ആർട്ടിക്കിൾ നിഷ്കർഷിക്കുന്നതിനാൽ, അങ്ങിനെയുള്ള വിഷയങ്ങളിൽ അപ്രകാരം ചെയ്യേണ്ടതുമാണ്.

**ഉപസംഹാരം**

ഈ ലേഖനത്തിന്റെ രണ്ടാംഭാഗമായ ശിക്ഷകൾ ചുമത്തുന്നതിനുള്ള നടപടിക്രമഅപഗ്രഥനം ഇവിടെ അവസാനിക്കുന്നില്ല. എന്നിരുന്നാലും *കർമ്മല കുസുമ*ത്തിലെ ഒരു ലേഖനത്തിനനുവദിച്ചിരിക്കുന്ന ദൈർഘ്യം ഇതിനകംതന്നെ പിന്നിട്ട് കഴിഞ്ഞിരിക്കുന്നതിനാൽ ഈ ലേഖനം ഇവിടെ ഉപസംഹരിക്കുകയാണ്; അടുത്തലക്കത്തിൽ തുടരാമെന്നുള്ള പ്രതീക്ഷയോടെ. പൗരസ്ത്യ കാനൻ നിയമത്തിൽ Licentiate എന്ന ഉന്നതബിരുദം ശിക്ഷാനിയമത്തിലും ശിക്ഷാനടപടിക്രമത്തിലുമുള്ള specializationനോടുകൂടി summa cum laude എന്ന ഏറ്റവും കൂടിയ grade വാങ്ങി പാസ്സായത് 1997–ലാണ്. അതിനുശേഷം ഇരുപത്തിയഞ്ച് വർഷക്കാലം ആ നിയമം റോമിലും ഇന്ത്യയിലുമായി practice ചെയ്തതിന്റെയും ഏകദേശം അത്രയും കാലം അവ പഠിപ്പിച്ചതിന്റെയും പരിണിതഫലമായുള്ള അനുഭവജ്ഞാനത്തിന്റെ വെളിച്ചത്തിൽ സാധാരണ വിശ്വാസികൾക്ക് മനസ്സിലാവുന്ന രീതിയിൽ ഈ വിഷയസംബന്ധിയായ ചുരുക്കം ചില കാര്യങ്ങൾ വളരെ ലളിതമായ ഭാഷയിൽ വിശദീകരിക്കുവാനുള്ള ഒരെളിയ പരിശ്രമമായിരുന്നു ഈ ലേഖനം. മനപൂർവം ആരെയും അധിക്ഷേപിക്കുവാനും താഴ്ത്തിക്കെട്ടുവാനും വിധിക്കുവാനും

ഈ സംരംഭത്തിൽ ഉദ്യമിച്ചിട്ടില്ല. എന്നാൽ, ലേഖകന് ബോദ്ധ്യമുള്ള കാര്യങ്ങൾ ആർജ്ജവത്തോടുകൂടി, മുഖംനോട്ടമില്ലാതെ, അവതരിപ്പിക്കുവാൻ ഒരു പ്രവാചകദൗത്യബോധത്തോടെ ഈ ലേഖനത്തിൽ ശ്രമിച്ചിട്ടുണ്ട്. കുഷ്വന്ത് സിംഗിന്റേതായി *ദീപിക* ദിനപത്രത്തിൽ ഒരു കാലഘട്ടം മുഴുവനും വന്നിരുന്ന ഒരു പംക്തിയുടെ പേര് "എല്ലാവരോടും പകയോടെ" എന്നായിരുന്നെങ്കിൽ ഈ ലേഖനത്തിലെ വിമർശനവിധേയരായ എല്ലാ വിമതരോടും സ്നേഹത്തോടെ, അവരുടെ മാനസാന്തരം കാംക്ഷിച്ചുകൊണ്ടും, അതിനായി പ്രാർത്ഥിച്ചുകൊണ്ടും ആ ഗണത്തിൽ ഗത്യന്തരമില്ലാതെ, അഥവാ തെറ്റിദ്ധാരണകൊണ്ട് പെട്ടുപോയ എന്റെ ചില നല്ല സുഹൃത്തുക്കളായ കാനൻനിയമ ബിരുദധാരികളെ സ്നേഹപൂർവം ഓർത്തുകൊണ്ടും അവർ ഈ ലേഖനം ഒരു അക്കഡേമിക് സ്പിരിറ്റിൽ വായിക്കുമെന്നുള്ള പ്രതീക്ഷയിലുമാണ് ഇവിടെ പൂർത്തിയാക്കുന്നത്.

ഈ ലേഖനത്തിൽ പലയിടത്തായി എറണാകുളം വിമത വൈദികരുടെ 2022 ഡിസംബർ 23, 24 തീയതികളിലെ എറണാകുളം ബസലിക്കയിലെ അതിക്രമിച്ച് കടന്നുള്ള നിയമം ലംഘിച്ചുള്ള റിലേ കുർബാനയെ അപലപിച്ച ലേഖകൻ, ആ സമയത്ത് അവിടെ നടന്ന MTNS സംഘടനയുടെയും മറ്റ് വിശ്വാസികളുടെയും പ്രവർത്തനങ്ങളെപ്പറ്റി ഒന്നും പറയാത്തത് ലേഖകന്റെ നിഷ്പക്ഷതയെയും ആധികാരികതയെയും ചോദ്യം ചെയ്യുന്നതായി അനുവാചകരിൽ ചിലർക്കെങ്കിലും തോന്നിയേക്കാം. ഈ ലേഖകൻ പക്ഷപാതിയാണ്. അത് അംഗീകരിക്കുവാനുള്ള ആർജ്ജവവുമുണ്ട്. എന്നാൽ, ഈ പക്ഷപാതിത്വം വിശുദ്ധ ചാവറയച്ചന്റെ അതേ പക്ഷപാതിത്വമാണ്. സന്യസ്തരുടെ ദൗത്യം പ്രവാചകദൗത്യമാണെന്ന് സമർപ്പിതവർഷത്തിന്റെ ആരംഭത്തിൽ എല്ലാ സമർപ്പിതർക്കുമായി എഴുതിയ കത്തിൽ ഫ്രാൻസിസ് മാർപ്പാപ്പ വ്യക്തമാക്കിയ അതേ പ്രവാചകദൗത്യത്തിന്റെ തുടർച്ചയായാണ് ഈ ലേഖനത്തെ ഈ ലേഖകൻ കാണുന്നത്. സഭാധികാരികളോട് ചേർന്നുനിൽക്കുന്ന പക്ഷപാതിത്വമാണത്; നിയമത്തോട് ചേർന്നുനിൽക്കുന്ന പക്ഷപാതിത്വം; നിയമവാഴ്ച സീറോ-മലബാർ സഭയിലും നിലനിൽക്കണമെന്നാഗ്രഹമുള്ള പക്ഷപാതിത്വം. അധികാരികൾ എന്ത് തോന്ന്യവാസവും ചെയ്യുവാൻ പറഞ്ഞാൽ ചെയ്യുമോ? അത് അടിമത്വമല്ലേ എന്ന് ചോദിക്കുന്നവരോടുള്ള മറുപടിയിതാണ്: പാപകരമായ യാതൊന്നും ചെയ്യുവാൻ അനുസരണത്തിൻപേരിൽ നാമാരും കടപ്പെട്ടിട്ടില്ല. അന്തർലീനമായി തെറ്റായ (inherently evil) ഏതെങ്കിലും കാര്യം ചെയ്യുവാൻ, സന്മാർഗ്ഗപരമായി അപലപനീയമായ (morally reprehensible) ഏതെങ്കിലും കാര്യം ചെയ്യുവാൻ അധികാരികൾ ആവശ്യപ്പെട്ടാൽ നാം ആരും അത് അനുസരിക്കേണ്ടതില്ല. എന്നാൽ, അല്ലാതെയുള്ള എല്ലാ നിയമവും അനുസരിക്കുവാൻ നാം കടപ്പെട്ടിരിക്കുന്നു.

അതുപോലെതന്നെയാണ് നിയമലംഘനവും കുറ്റകരമായ പ്രവൃത്തികളും വിശ്വാസികളുടെ ശ്രദ്ധയിൽപ്പെട്ടാൽ അത് ആരുടെ ഭാഗത്തുനിന്നായാലും അതിനെ തടയുവാൻ അത്മായവിശ്വാസികളുൾപ്പെടെയുള്ള ദൈവജനത്തിന്റെ അവകാശവും കടമയും. ആ അവകാശത്തിന്റെയും കടമയുടെയും നിർവഹണത്തിനുള്ള ഒരു പരിശ്രമമായിട്ട് MTNS തുടങ്ങിയ സംഘടനകളുടെ റിലേ കുർബാന തടയുവാനുള്ള ശ്രമത്തെ മനസ്സിലാക്കുവാൻ സാധിക്കും. എറണാകുളം വിമതർ ആരോപിക്കുന്നതുപോലെ അവർ അൾത്താര മറിച്ചിട്ടില്ല; തിരുവോസ്തി നിലത്തിട്ട് ചവിട്ടിയിട്ടില്ല; തിരുരക്തം കാസയിൽനിന്ന് ഒഴുക്കിക്കളഞ്ഞിട്ടുമില്ല. അവർ ശ്രമിച്ചത് നിയമവിരുദ്ധമായ, ക്രിമിനലായ കപടബലിയർപ്പണം തടയാനാണ്. പ്രഥമദൃഷ്ട്യാ അവരുടെ ഉദ്ദേശം നല്ലതാണെന്ന് കാണുവാൻ കഴിയും.  എന്നാൽ അവർ അവലംബിച്ച രീതിയിൽ തെറ്റുകളും കുറവുകളും കുറ്റങ്ങളുമുണ്ടായിട്ടുണ്ട്. മറ്റാരെയും മർദ്ദിക്കുവാൻ ആർക്കുമവകാശമില്ല. എന്നാൽ, 2022 ഡിസംബർ 24-ാം തീയതി ചില അത്മായരുടെ "കൈവെപ്പ്ശുശ്രൂഷ"യ്ക്ക് ചില വൈദികർ പാത്രമായെങ്കിൽ, അതിനുള്ള സാഹചര്യം സൃഷ്ടിച്ചവർ ആ വൈദികർ തന്നെയാണ് എന്നുള്ളതും വ്യക്തമാണ്. തങ്ങളുടെ കത്തീഡ്രൽ പള്ളിയിൽ തങ്ങളുടെ ഇടവകവികാരിയുടെ സ്ഥാനത്ത് നിയമിക്കപ്പെട്ട അഡ്മിനിസ്ട്രേറ്റർ വൈദികനെ ബലിയർപ്പിക്കുവാനനുവദിക്കാതെ അതിക്രമികൾ - അവർ ളോവധാരികളാണെങ്കിൽപ്പോലും - അവിടെ അഖണ്ഡമായി  പ്രത്യക്ഷാ കപടബലിയർപ്പണം നടത്തുന്നതുകണ്ട അവരുടെ ക്ഷമ നശിച്ചെങ്കിൽ അത് അംഗീകരിക്കാവുന്നതല്ലെങ്കിൽ പോലും മാനുഷികമായി സംഭവ്യമാണെന്ന് പറയാതെവയ്യ. അതിനാൽത്തന്നെ, അവരുടെ കുറ്റങ്ങളൊരു പരസ്യശാസനയാകുന്ന ശിക്ഷ കൊടുത്ത് തീർക്കാവുന്നതുമാണെന്ന് തോന്നുന്നു. അവരുടെ പ്രവൃത്തി കണ്ടുനിന്ന നിയമപാലകർ അവരെ തടയാതിരുന്നതിൽനിന്നും അനുമാനിക്കേണ്ടത് നിയമപാലകർ ചെയ്യേണ്ടിയിരുന്ന പ്രവൃത്തി അവർ ചെയ്തു എന്ന നിഗമനത്തിൽ ആ നിയമപാലകർ എത്തിച്ചേർന്നു എന്നതുകൊണ്ടാണ് എന്ന് ചിന്തിച്ചാൽ അത് തെറ്റാകാനിടയില്ല. നിയമപാലനം പോലീസിന്റെ ജോലിയാണ്. നിയമലംഘനം കണ്ടാലത് തടയേണ്ടതും പോലീസിന്റെ കർത്തവ്യമാണ്. അത് നിർവഹിക്കുവാനാണ് ബസലിക്കാ അഡ്മിനിസ്ട്രേറ്റർ പോലീസിനോടാവശ്യപ്പെട്ടത്. എന്നാൽ, തിരുവസ്ത്രങ്ങളണിഞ്ഞ് അൾത്താരയിൽ ബലിയർപ്പിക്കുന്ന വൈദികരെ തടഞ്ഞാലുള്ള ഭവിഷ്യത്ത് അവരെ ഭയാകുലരാക്കി; നിർവീര്യരാക്കി. ഈ പശ്ചാത്തലത്തിലാണ് അത്മായ വിശ്വാസികളിൽ ചിലർ ആർജ്ജവത്തോടെ ആ ദൗത്യം ഏറ്റെടുത്തതെന്നതും വിസ്മരിച്ചുകൂടാ.